# ST. JOHN'S HSS PULINTHANAM



# അനന്തം
# അജ്ഞാതം
# അവർണനീയം

# ആശംസ

പുളിന്താനം സെന്റ് ജോൺസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഒരുക്കുന്ന അനന്തം അജ്ഞാതം അവർണനീയം എന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. നൂതന സാങ്കതിക വിദ്യയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തി അജ്ഞാതവും അവർണനീയവുമായ പുതുയുഗത്തിലേക്ക് കുതിക്കാൻ ഈ സംരംഭത്തിന് കഴിയട്ടെ. ഇതിനു പിന്നിൽ പ്രവർത്തിച്ച അദ്ധ്യാപക സുഹൃത്തുകൾക്ക് അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം
അനീഷ് സി യാക്കോബ്
മാനേജർ

# ആശംസ

നാം ഇന്ന് ജീവിക്കുന്നത് ഒരു ശാസ്ത്രയുഗത്തിലാണ്.വിവര വിനിമയ സാങ്കേതിക വിദ്യയുടെ വികാസം അനുദിനം വർധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി പുളിന്താനം സെന്റ് ജോൺസ് കുട്ടികൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്ന് അറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്.ഇതിനുവേണ്ടി പ്രവർത്തിച്ച നമ്മുടെ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ കഴിവുകളും പ്രവർത്തനങ്ങളും അദ്ധ്യാപകരുടെ പ്രയത്നവും വളരെ വലുതാണ്.

ഈ അവസരത്തിൽ എല്ലാവർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

മേരി പൗലോസ്

എച്ച് എം

# ആശംസ

സർഗാത്മക കഴിവുകളുടെ വിളനിലമാണ് ഓരോ കലാസൃഷ്ടിയും. കുഞ്ഞുമക്കളുടെ എഴുത്തുകളും വരകളും ഒരുപാടു സന്തോഷിപ്പിക്കുന്നുണ്ട്. ലിറ്റിൽ കൈറ്റ്സിന്റെ അണിയറ പ്രവർത്തകർക്കും എഴുത്തുകാർക്കും എല്ലാ ആശംസകളും

എന്ന് സന്തോഷപൂർവ്വം
സലേഷ് കുമാർ
സ്റ്റാഫ് സെക്രട്ടറി

# ആശംസ

കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന കഴിവുകളെ പരിപോഷിപ്പിക്കാനും പ്രകടിപ്പിക്കാനും അവസരം നൽകിയ ലിറ്റിൽ കൈറ്റ്സ് മാഗസിൻ 'അനന്തം അജ്ഞാതം അവർണനീയ' ത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

എന്ന് ആശംസകളോടെ
ബിനീത തോമസ്
മാത്ത്സ് ടീച്ചർ

# ആശംസ

പ്രിയ കൂട്ടുക്കാരെ,

നിങ്ങളുടെ വരകളും കുഞ്ഞികഥകളും കവിതകളുമെല്ലാം വിവര സാങ്കേതിക വിദ്യയുടെ അനന്തതയിലേക്ക് ഒഴുകിയെത്തുന്ന ഈ ധന്യവേളയിൽ ഈ കുഞ്ഞു വലിയ മാഗസിന് കോടി മംഗളങ്ങൾ.

സ്നേഹപൂർവ്വം
ബിൻസി ജോണി
മലയാളം ടീച്ചർ

# എഡിറ്റോറിയൽ

സ്വയം നിർമ്മിക്കേണ്ടതാണ് അറിവെന്ന തിരിച്ചറിവ് വിദ്യാഭ്യാസ രംഗത്ത് വൻ വിപ്ലവമാണുണ്ടാക്കിയത്. വിവര വിനിമയ സാങ്കേതിക വിദ്യയുടെ കടന്നുവരവോടെ ഇത് വളരെ സുഗമമായി. വിവര വിനിമയ വിദ്യയുടെ വ്യാപനത്തിലൂടെ കുട്ടികളുടെ വൈജ്ഞാനികവും, വർണാത്മകവുമായ വളർച്ചയ്ക്ക് സഹായകമാകുന്നതിനുവേണ്ടി ആവിഷ്കരിച്ച പുതുസംരംഭമാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ്. നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ഞങ്ങൾ നിർമ്മിച്ച ഡിജിറ്റൽ മാഗസിൻ 'അനന്തം അജ്ഞാതം അവർണനീയം' ഇതാ നിങ്ങൾക്കായി സമർപ്പിക്കുന്നു.

എഡിറ്റർ
മുഹമ്മദ് ഈസ

## ഉള്ളടക്കം


പ്രളയം പഠിപ്പിച്ച പാഠം..........10
മുഹമ്മദ് ഈസ,S T D.9..........10
Telling time..........11
Akhilamol STD 9A..........11
ഉയിർപ്പ്..........12
കവിത രചന.സിയാ സാവിയോ..........12
അപ്പുക്കുട്ടന്റെ സ്നേഹസമ്മാനം..........13
കഥാരചന-എമിൽ റോയ് ക്ലാസ്സ് :8 A..........13
തക്കാളിക്കഥ..........14
ASNA, AKHILA 9A..........14
ശാസ്ത്രങ്ങളുടെ പടിപ്പുരയും താക്കോലും..........15
Binitha Maths Tr..........15
അനുഭവകുറിപ്പ്..........16
ബിൻസി ജോണി മലയാളം അധ്യാപിക..........16
മരണം..........17
മുഹമ്മദ് ഇർഫാൻ 9A..........17
Adding Integer Song..........18
Ali Akber STD.8..........18
പഴഞ്ചൊല്ലുകളും അവയുടെ അർഥവും..........19
AryaLakshmi STD.9..........19
രസികൻ ആസിഡ്..........20
ശാസ്ത്രകുറിപ്പ് ഷക്കീല വി എം ഫിസിക്കൽ സയൻസ് ടീച്ചർ..........20
ശാസ്ത്രം @ 2018..........21
2018 വിടപറയാൻ ഒരുങ്ങുമ്പോൾ പ്രധാന ശാസ്ത്ര നേട്ടങ്ങൾ..........21
സൂര്യനിലേക്ക് പറന്ന പാർക്കർ..........21
കുതിക്കുന്ന ഐ എസ് ആർ ഒ..........21
ഐസ് ക്യൂബ് ന്യൂട്രിനോ..........21
റൈഡ്ബർഗ് പോളറോൺ..........22
ക്ലോൺ കുരങ്ങുകൾ..........22
ല്യല്യവും നാനയും..........22
ലക്ഷ്യം ബുധൻ,ചന്ദ്രൻ..........23
ചൊവ്വയുടെ ഇൻസൈറ്റ്..........23
അനന്തതയിലേക്ക് ടെസ്സ്..........23
പുതിയ കിലോഗ്രാം..........23
സെന്റ് ജോൺസ് ഹയർസെക്കന്ററി സ്കൂൾ..........24
2018-സ്കൂൾ പ്രവർത്തന റിപ്പോർട്ട്..........24
പരിസ്ഥിതിദിനം..........24
വായനദിനം-വിദ്യാരംഗ കലാസമിതി വേദി..........24
ലഹരിവിരുദ്ധദിനം..........25
ജൂൺ 29 സി വി യാക്കോബ് അനുസ്മരണദിനം..........25

ജൂലൈ 7.....25
ജൂലൈ അഞ്ച് ബഷീർ അനുസ്മരണം.....25
ജൂലൈ ഇരുപത്തി ഒന്ന് ചാന്ദ്രദിനം.....25
ആഗസ്റ്റ് പതിനഞ്ച്.....25
തണലായി കനിവായി.....26
സ്കൂൾ കായികമേള.....26
പുതുകേരളം.....27
.....27
കൃഷ്ണേന്ദുക്ലാസ്സ്-പത്ത് എ.....27
കേരളത്തിന്റെ ബുദ്ധമയൂരി.....28
സംസ്ഥാന ചിത്രശലഭമായി ശുപാർശ ചെയ്യപ്പെട്ട ബുദ്ധമയൂരിയെക്കുറിച്ച്.....28
ശാപമാണ് സൗന്ദര്യം.....28
താമസം,ഭക്ഷണം,മുള്ളിലവ്.....28
.....29
കാവലാകാം ശലഭങ്ങൾക്ക്.....29
ചിത്രം.....30
എട്ടാം ക്ലാസ്സിലെ അലി അക്ബറിന്റെ കലാസൃഷ്ടി.....30
ദൂരെ ഒരു ജലനിധി.....31
ശാസ്ത്രക്കുറിപ്പ്.....31
ഇന്റർനെറ്റിലെ എഴുത്ത്.....32
സൈബർ ഇടം.....32
സൈബർ നോവൽ.....32
സൈബർ കവിത.....32
കഥ,നോവൽ.....33
വിവരണം.....33
പേരമരത്തിലെ തത്തമ്മ.....34
പൊന്നാണ് മണ്ണ്.....35
മണ്ണിന്റെ ഘടന.....35
മണ്ണിനായി ഒരു ദിവസം.....35
നമ്മുടെ മണ്ണ്.....35
കേരളത്തിലെ മണ്ണിനങ്ങൾ.....36
സൂപ്പർ സ്റ്റാർ ചക്കക്കുരു.....37
പ്ലാസി വഞ്ചനയുടെ പകല്.....38
അഖില,സിയ,ബിൻസിയ,ബ്ലസി 9A.....38
കല്ല് വെച്ച സത്യം.....39
കാലത്തിന്റെ കൈയ്യൊപ്പ്.....40
ASNA,ARYA 9-A.....41
.....41
.....41
My Dear മൗസ്.....42
ആൻമോൾ ജോൺസ് 9A.....42
കാത്തിരിപ്പ്.....43

ബിൻസിയ,ബ്ലെസ്സി 9A....44
മഴവില്ല്....45
....45
മുഹമ്മദ് ഈസ STD 9....45
ഗാന്ധിജിയും സമകാലിക ജീവിതവും....46
മുഹമ്മദ് ഈസ....48
പ്രളയം തന്ന വേദന....49
മുഹമ്മദ് ഷാന....49
ബംഗാളി....50
മുഹമ്മദ് ഇർഫാൻ....51
ചാർളി ചാപ്ളിൻ....52
പൂക്കും തളിർക്കും....53
രചന: അഖില മോൾ രാജു, 9A....53
ശ്രീനാരായണഗുരു [ജനനം: 1885 ആഗസ്റ്റ് 28- മരണം:1928 സെപ്തംബർ 20]....54
മുഹമ്മദ് ഷാന....54

# പ്രളയം പഠിപ്പിച്ച പാഠം



ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഈ കഴിഞ്ഞ മാസം ഒരു വൻദുരന്തത്തെ നേരിടുകയാണ് ഉണ്ടായത്.ഈ കഴിഞ്ഞ പ്രളയം തന്ന ഒരു പിടി സ്മരണകളും പാഠങ്ങളും അതിലുപരി മനുഷ്യൻ മറന്ന് പോയ ചില സത്യമായ മൂല്യ-ങ്ങളും തിരികെ ഏൽപിച്ചുകൊണ്ടാണ് പിൻതിരിഞ്ഞത്. പ്രളയത്തിൽ അകപ്പെട്ട് വീടിന്റെ രണ്ടാം നിലയിലും മൂന്നാം നിലയിലും കയറി നിന്നവരെ രക്ഷിക്കാൻ ചെന്നവർക്ക് തങ്ങളുടെ വഞ്ചി അടുപ്പിക്കാൻ കഴിഞ്ഞില്ല കാരണം മതിലുകളാണ്.ഇരുമ്പുമുള്ളുകളും കുപ്പിചില്ലുകളും പാകി സുരക്ഷിതത്വബോധം നൽകിയവ അവർക്ക് തങ്ങളുടെ ശത്രുവായി.ആ മുള്ളുകൾ അവർക്ക് അരക്ഷിതത്വം ഉളവാക്കി.

പ്രളയത്തിൽ ഒലിച്ച് പോയത് പലതാണ്.ജാതി വർണ വർഗ മത വിവേചനങ്ങൾക്ക് സ്ഥാനമി-ല്ലായിരുന്നു.സമൂഹത്തിൽ ഉന്നതർ പോലും കഷ്ടപ്പെട്ടു.താഴ്ന്നവനും ഉയർന്നവനും എല്ലാവരും ഒരേ ഭക്ഷണം കഴിച്ച് ഒരേ കൂരയ്ക്ക് കീഴിൽ അന്തിയുറങ്ങിയ നിമിഷങ്ങൾ, അവ മത സൗഹാർദ്ദക്യാമ്പുകളായിരുന്നു. ഉയർച്ച താഴ്ച്ച വ്യത്യാസമില്ലാത്ത മനുഷ്യത്വത്തിന്റെ ക്യാമ്പായിരുന്നു. മനുഷ്യരെല്ലാവരും സമന്മാരാണ് എന്ന പാഠം മനസ്സിലാക്കാൻ പ്രളയത്തിലൂടെ കഴിഞ്ഞു. ആധുനിക കേരളത്തിൽ ഇല്ലാതിരുന്ന ഒന്ന് പ്രളയത്തിലൂടെ കാണാൻ കഴിഞ്ഞു.

രക്ഷപ്രവർത്തനവേളയിൽ ആദ്യം ഏർപ്പെട്ടിരുന്നത് യുവാക്കളായിരുന്നു.ഫോണിലും കമ്പ്യൂട്ടറിലും മാത്രമാണെന്ന് കേരളം കരുതിയവർ പ്രളയബാധിതർക്ക് താങ്ങായും തണലായും പ്രവർത്തിച്ചു. കൈവിട്ടു പോയതെല്ലാം തിരിച്ചുപിടിച്ചുകൊണ്ട് പുഴ സംഹാരതാണ്ഡവമാടിയപ്പോൾ കടലിന്റെ മക്കൾ രക്ഷയ്ക്കെത്തി. രക്ഷപ്രവർത്തനത്തിന് വന്നവരിൽ കണ്ടത് കാരുണ്യത്തിന്റെയും സാഹോദര്യത്തിന്റേയും നിശ്ചയദാർഢ്യ-ത്തിന്റെയും മുഖമായിരുന്നു.നാരായണ ഗുരുദേവന്റെയും അയ്യങ്കാളിയുടെയും ഇ എം എസ് നമ്പൂതിരിപ്പാടിന്റെ-യും വിവേകാനന്ദന്റെയും മനസ്സിലെ കേരളമായിരുന്നു അപ്പോൾ ദൃശ്യമായത്.ദൈവത്തിന്റെ സ്വന്തം നാട്.

പുഴ വഴിമാറി ഒഴുകിയപ്പോൾ അത് തന്റെ പഴയസുഹൃത്തുക്കളെ സന്ദർശിച്ച് മടങ്ങി. വയലിന്റെ സ്ഥാനത്ത് മാളിക കണ്ടപ്പോൾ അത് തച്ചുടച്ചു. പഴയസ്ഥലത്തേക്കത് ഞാറും വിത്തും കളയുമെല്ലാമെത്തിച്ചു. മനുഷ്യൻ അതിൽ നിക്ഷേപിച്ചതെല്ലാം അത് തിരിച്ചേൽപ്പിച്ചു.കണ്ണിൽ കണ്ടതെല്ലാം പുഴയിലേക്ക് തള്ളുമ്പോൾ ഓർക്കണമായിരുന്നു ജീവനുള്ളതാണത് അതിനെ വേദനിപ്പിക്കരുത് എന്ന്.സച്ചിദാനന്ദന്റെ കവിതയിലെ ഒരു വരി അതായത് 'ഞാൻ തകർത്ത മതിലുകൾ വീണ്ടും കെട്ടരുത്' എന്ന് പുഴപറയുന്നതു പോലെ. മനുഷ്യന്റെ മനസ്സിലെ മതിലുകളാണ് അവ,വളരെ മൂർച്ചയുള്ളവ. ജാതിമതവർഗ വർണമതിലുകൾ. പ്രളയം അത് തകർത്തു. പ്രളയം തന്ന മൂല്യങ്ങൾ ഉയർത്തിപിടിച്ച് ഇനി മലയാളിക്ക് വിളിച്ച് പറയാം 'ഒരുമ ഞങ്ങളുടെ പെരുമ'.

(സ്കൂൾ യുവജനോൽസവ മത്സരത്തിൽ ഉപന്യാസരചനയിൽ ഒന്നാം സമ്മാനാർഹമായ രചന)

**മുഹമ്മദ് ഈസ,S T D.9**

# Telling time

One morning not too long ago lover slept,past 8:00 My frazzled mother woke me up, be bellowing 'you're late'. I jumped up and throw on some cloths., 8:30 on the clock . I missed the bus, oh,what a fast hopped on my bike tick tock!




I got to school just as the bells began their daily time. Got to my seat,in just one beat,I made it right on time. Reading stories on the rug, and pattern blocks 'till noon' “12 clock it's time for lunch, get out your. Forks and spoons.”

Addition and subtraction dear, then gym till half past 3. The bell than rang, and up we sprang,it's time to play yipped.

My friends and I played base ball 'till 6:00 out on the street. That was fun, it's time to run. It's dinner time, let's eat.

I sat down and cleaned my plate, it''s now 7:30.Got in the shower, took an hour. I was pretty dirty.

With p J s on ,I brushed my teeth “It's almost 9:00.”you say ? Well, like mother said. It's time for bed,tomorrows a new day.......................

**Akhilamol STD 9A**



# ഉയിർപ്പ്



കേരളം ഇനി കുതിക്കാൻ തുടങ്ങുന്ന
എങ്ങനെ എവിടെ എപ്പോൾ
മഹാപ്രളയം താണ്ഡവമാടിയതിൻ
ഊർജ്ജവും ഓജസ്സും വറ്റിച്ചെങ്കിലും
കേരള മക്കളൊന്നാകെ അതിനെ
ഒറ്റകെട്ടായ് അതിജീവിച്ച
ഇനിയെല്ലാം ഒന്നിൽ നിന്ന് തുടങ്ങണം

ഒരു പക്ഷികുഞ്ഞ് പറക്കാൻ
ശ്രമിക്കുന്നതുപോലെ
ഒരു ചിലന്തി വല കെട്ടുന്നതുപോലെ
ജീവിത പാതയിൽ ഇടറി
വീണ യുവാവ് വീണ്ടും
നടക്കാൻ പിച്ചവെക്കുന്നതുപോലെ
കേരളം ഒരു പുത്തൻ പ്രതീക്ഷയോടെ
ഇനിയും കുതിക്കുന്ന

അതിനായി ഈ അമ്മയുടെ
മക്കളെല്ലാം ഒന്നിച്ചൊരുമിച്ച്
കൈകോർത്ത് മുന്നേറിയാൽ
അത് നിഷ്പ്രയാസം സാധ്യമാം

**കവിത രചന.സിയാ സാവിയോ**

# <u>അപ്പുക്കുട്ടന്റെ സ്നേഹസമ്മാനം</u>

മഴ മാറി, ആകാശം തെളിഞ്ഞു.പുഴകൾ ശാന്തമായി ഒഴുകുവാൻ തുടങ്ങി,വീടുകളിൽ നിന്നു വെള്ളം ഇറങ്ങുവാൻ തുടങ്ങി.അപ്പുക്കുട്ടനും അമ്മയും അച്ഛനും വീട്ടിലേക്ക് മടങ്ങി, ശുചിയാക്കൽ ആരംഭിച്ചു.അപ്പു പറഞ്ഞു "അമ്മേ നമ്മളെ ദൈവം രക്ഷിച്ചു,ഭാഗ്യം കൊണ്ട് നമ്മുടെ വീടിനൊന്നും സംഭവിച്ചില്ല "അപ്പു സന്തോഷം പ്രകടിപ്പിച്ചു.അപ്പോൾ അമ്മ പറഞ്ഞു "മോനെ, നമ്മൾ സന്തോഷിക്കാൻ വരട്ടെ,നമുക്ക് വീട് തിരിച്ചു കിട്ടിയെങ്കിലും,നിന്റെ ക്ലാസ്സിൽ പഠിക്കുന്ന ആരതിക്ക് വീടും മറ്റ് പലതും നഷ്ടപ്പെട്ടു.അവരിപ്പോൾ വലിയ വിഷമത്തിലാണ് "അപ്പോൾ അപ്പുവിന് സങ്കടമായി,അവൻ പറഞ്ഞു "എന്നോട് ക്ഷമിക്കണം,ഞാൻ വിചാരിച്ചു നമ്മളെ പോലെ തന്നെ ആർക്കും വീടിനൊന്നും സംഭവിച്ചിട്ടില്ലാന്ന്". "സാരമില്ല അപ്പു" അമ്മ അവനെ ആശ്വസിപ്പിച്ചു. അവർ ശുചിയാക്കൽ അവസാനിപ്പിച്ച് ഉറങ്ങാൻ കിടന്നു. അപ്പോൾ അപ്പുവിന്റെ അടുക്കൽ വന്ന് അമ്മ ചോദിച്ചു" നാളെ നിന്റെ പിറന്നാളല്ലേ, നിനക്കെന്തു സമ്മാനം വേണം, എന്ത് വേണമെങ്കിലും ചോദിച്ചോളൂ". അവൻ കുറച്ചുനേരം ആലോചിച്ചതിനു ശേഷം പറഞ്ഞു."എനിക്ക് വലിയ ഒരു സമ്മാനം വേണം "അമ്മ ആകാംഷഭരിതയായി.അവൻ തുടർന്നു "എനിക്ക് സമ്മാനം വാങ്ങാൻ വെച്ച പൈസ ആരതിക്ക് നൽകാം" അവന്റെ മനസ്സിലെ നൻമ കണ്ട് അമ്മ അവനെ പ്രശംസിക്കുകയും, അവനെ വാരിയെടുത്ത് ഉമ്മ നല്കുകയും ചെയ്തു.പിറ്റേ ദിവസം അവർ ആരതിയുടെ അടുത്ത് പോയി അവളെ ആശ്വസിപ്പിക്കുകയും സഹായമായി പൈസ കൊടുക്കുകയും ചെയ്തു.അവൾക്ക് വളരെ സന്തോഷമായി. കുറച്ചു നേരം അവിടെ ചിലവഴിച്ചതിനുശേഷം വീട്ടിലേക്ക് മടങ്ങി.മടങ്ങും വഴി അച്ഛനും അമ്മയും അവന് നല്ലൊരു ട്രീറ്റ് നൽകി.അവന് വളരെ സന്തോഷമായി.

**കഥാരചന–എമിൽ റോയ് ക്ലാസ്സ് :8 A**



# തക്കാളിക്കഥ



പെറുവിലെ ഇക്വഡോറാണ് തക്കാളിയുടെ ജന്മദേശം.16-ാം നൂറ്റാണ്ടിലാണ് തക്കാളി യൂറോപ്പിലെത്തിയത്. ആദ്യകാലത്ത് മഞ്ഞ നിറമായിരുന്നതിനാൽ ഇറ്റലിയിൽ ഇതിനെ പൊമോസോറ എന്നാണ് വിളിച്ചത്. സ്വർണ്ണ നിറത്തിലുള്ള ആപ്പിൾ എന്നർത്ഥം.

തക്കാളി വിഷമാണെന്നാണ്പണ്ട് അമേരിക്കർ വിശ്വസിച്ചത്. ഒരിക്കൽ റോബർട്ട് ഗിബർട്ട് ജോൺസൺ എന്നൊരാൾ പൊതുവേദിയിൽ കയറി നിന്ന് തക്കാളി കഴിച്ചുകാണിച്ചു.പിന്നീടാണ് ജനം തക്കാളി തിന്നാൻ തുടങ്ങിയത്.

നാം ഇന്നു കാണുന്നതരം തക്കാളി വികസിപ്പിച്ചെടുത്ത് മെക്സിക്കോക്കാരാണ്.ഏറ്റവും കൂടുതൽ തക്കാളി ഉൽപ്പാദിപ്പിക്കുന്നത് കാലിഫോർണിയയിലാണ്.ലോകത്ത് ആകെയുള്ള തക്കാളിയുടെ 50% ഇവിടെ ഉൽപ്പാദിപ്പിക്കുന്നു...................

ASNA, AKHILA 9A

# <u>ശാസ്ത്രങ്ങളുടെ പടിപ്പുരയും താക്കോലും</u>

പ്രയോഗവും സാധ്യതയും വൈവിധ്യപൂർണ്ണവും അനന്തവുമായ ,എന്നാൽ സത്തപൂർണ്ണമായും ഉൾകൊള്ളുന്ന ഒരു നിർവചനം സാധ്യമല്ലാത്തതുമായ,ശാസ്ത്രങ്ങളുടെ രാജ്ഞി എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ശാസ്ത്രമാണ് ഗണിതം.മനുഷ്യന്റെ മനസ്സിൽ നിന്നും ഉരുതിരിഞ്ഞ് അവന്റെ പ്രവൃത്തികളിലൂടെയും പ്രകൃതിയുമായുള്ള ബന്ധത്തിലൂടെയും വികാസം പ്രാപിച്ച ശാസ്ത്രമാണ് ഗണിതം. നമ്മുടെ ഹൃദയസ്പന്ദനത്തിന്റെ നിരക്കുമുതൽ സങ്കീർങ്ങളായ ആധുനീകസാങ്കേതികവിദ്യകൾ വരെ വിശദീകരിക്കുന്ന ഈ ശാസ്ത്രത്തിന്റെ വ്യാപ്തി അനന്തമാണ്.

'പഠിക്കേണ്ട വസ്തുതകൾ' എന്നർഥമുള്ള മാത്തമാറ്റിക്ക എന്ന ഗ്രീക്കുപദത്തിൽ നിന്നുമാണ് മാത്തമാറ്റിക്സ് എന്ന പദത്തിന്റെ ഉത്ഭവം.മനുഷ്യസംസ്കാരത്തോടൊപ്പം തന്നെ വളർന്നു തുടങ്ങിയ ഗണിതശാസ്ത്രം ഓരോ പ്രദേശങ്ങളിലും അസൂയാവഹമായ പുരോഗതി കൈവരിച്ചുകൊണ്ട് വികാസം പ്രാപിക്കുകയായിരുന്നു.

**<u>പ്രധാനശാഖകൾ</u>**

യുക്തിപൂർവമായ വിശകലനം,ഗണപരമായ കണക്കുകൂട്ടലുകൾ എന്നിവ ഈ ശാസ്ത്രശാഖയുടെ പ്രത്യേകതകളാണ്, എല്ലാ വിജ്ഞാനശാഖകളേയും പ്രകാശിപ്പിക്കുവാൻ കഴിയുന്നതുമാണ്.

ഗണിതശാസ്ത്രത്തെ രണ്ടായി തരം തിരിക്കുന്നു.ശുദ്ധഗണിതമെന്നും പ്രയുക്ത ഗണിതമെന്നും.സിദ്ധാന്തപരമായ കാര്യങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതാണ് ശുദ്ധഗണിതം.ഭൗതീകമായപ്രശ്നങ്ങൾ വിശകലനം ചെയ്യുന്നത് പ്രയുക്തഗണിതമാണ്.

**<u>ശാഖോപശാഖകൾ</u>**

- അങ്കഗണിതം
- ബീജഗണിതം
- ജ്യാമിതി
- ത്രികോണമിതി
- നിർദ്ദേശാങ്കജ്യാമിതി
- കലനം
- വിസ്താരകലനം
- സ്ഥിതിവിവരകണക്ക്

**Binitha Maths Tr**



# <u>അനുഭവകുറിപ്പ്</u>

ജീവിതാനുഭവങ്ങളുടെ കനൽവഴിയിലൂടെയൊന്നും നടന്നിട്ടില്ലെങ്കിലും ഈ പോയ വർഷം ജീവിത നിസ്സാരതയെക്കുറിച്ചുള്ള വലിയ പാഠമാണ് പ്രകൃതിയെന്ന പാഠപുസ്തകം എന്നെ പഠിപ്പിച്ചത്.ജൂലൈ ആദ്യ പകുതി മുതൽ പ്രകൃതിയുടെ പ്രകൃതം തന്നെ ആകെ മാറുമ്പോൾ എന്റെ മനസ്സെന്നോട് എന്തോ മന്ത്രിക്കുന്നുണ്ടായിരുന്നു അരുതാത്തതെന്തോ സംഭവിക്കാൻ പോകുന്നു. പക്ഷെ ഓഗസ്റ്റാദ്യം മഴ തുടങ്ങിയപ്പോൾ കുട്ടനാടും വയനാടും പിന്നീട് ഇടുക്കിയും ദുരന്തങ്ങളേറ്റുവാങ്ങിക്കൊണ്ടിരിന്നു. പ്രാർഥന നിരതമായ നാളുകൾ. ദൈവമേ ഇനി എന്ത്  എന്നൊരു ചിന്ത ചോദ്യചിഹ്നം പോലെ നില്ക്കുന്നു.അതിനിടയിൽ മഴമൂലമുള്ള പ്രഖ്യാപിത അവധികൾ.കുട്ടികളെല്ലാവരും   ആഘോഷിക്കുന്നതിടയിലും  മനസ്സിലൊരു നീറ്റൽ. ഇനിയുമിങ്ങനെ തുടർന്നാൽ  ഡാമുകൾ തുറന്നാൽ എന്താകും അവസ്ഥ. അങ്ങനെ ആ ദിവസവും വന്നെത്തി. സ്വാതന്ത്ര്യ ദിനവും സ്കൂളിലെ ഓണാഘോഷവും സംയുക്തമായി ആചരിക്കുവാൻ തീരുമാനിച്ചു

അതിന്റെയൊരുക്കങ്ങൾ തലേന്ന് തന്നെ തുടങ്ങി പക്ഷെ ആർത്തലച്ചു പെയ്യുന്ന 'പേമാരി 'തുള്ളിയ്ക്കൊരു കുടം കണക്കെ പതിക്കുന്നു. പെയ്യു വെള്ളം നാളെയെന്താവുമെന്ന ആശങ്കയോടെ നിദ്രയിലാണ്ടു. പുലർച്ചയ്ക്കെഴുന്നേറ്റപ്പോൾ വീടിനു സമീപമുള്ള തോടും കരയുമൊന്നായി മാറിയിര്ക്കുന്നു. ചുറ്റും വെള്ളത്താൽ ചുറ്റപ്പെട്ട അവസ്ഥ. ഒരു ദ്വീപ് പോലെ .എങ്കിലും വീടിനകത്തേക്ക് വെള്ളമെത്തുമെന്ന ചിന്തയൊന്നുമില്ലായിരുന്നു. പക്ഷെ നേരമേറെ ചെല്ലും മുമ്പ് ജലവിധാനം ഉയർന്നു കൊണ്ടേയിരുന്നു. സമീപവാസികളെ Gups-ലേക്ക് മാറ്റി താമസിപ്പിച്ചു.ഇടവിടാതെ പെയ്യുന്ന മഴയിൽ പതിവ് പകിട്ടൊന്നുമില്ലാതെ ഓണാഘോഷമവസാനിപ്പിച്ച് കുട്ടികളെ വീട്ടിലയച്ചു. ബാക്കി വന്ന ഭക്ഷണം ക്യാമ്പുകളിലെത്തിച്ചു വീടെത്തി .വീടിനു മുൻപിൽ വെള്ളം പൊങ്ങുന്നത് കാണാനെത്തുന്നവരുടെ തിരക്ക്. എന്നാലും വീട്ടിനകത്തോട്ടൊന്നും വരില്ലെന്ന ആത്മവിശ്വാസത്തിലിരുന്നെങ്കിലും പ്രതീക്ഷിക്കാതെ വന്ന അതിഥിയെ പ്പോലെ ഏകദേശം 10 മണിയായപ്പോഴേക്കും വീടിനകത്തേക്ക് കുതിച്ചെത്തി .ഒരു മുൻകരുതലെന്ന പോലെ സാധനങ്ങളേറെക്കുറെ മാറ്റാൻ സാധിച്ചത് ഭാഗ്യമായി. പിന്നീട് കുടുംബാംഗങ്ങളുമൊത്ത് ബന്ധുവീട്ടിലേക്ക്. അതിനിടയിൽ നമ്മുടെ വിദ്യാലയവും ക്യാമ്പിനായി തുറന്നു കൊടുത്തിരുന്നു. പിറ്റേന്ന് റോഡും നാടും പുഴയായി മാറി അങ്ങനെ 3 ദിവസം നാലാം ദിവസം വെള്ളമിറങ്ങി .തിരികെ വീടണഞ്ഞു .ശുചീകരണ ശേഷം വീടിനെയൊന്നു ക്രമപ്പെടുത്തി സാധാരണ ജീവിതത്തിലേക്ക്. കണക്കെടുപ്പിൽ ചെറിയ കാർഷിക നഷ്ടങ്ങളല്ലാതെ മറ്റൊന്നുമില്ല .പഠിച്ച പാഠമോ, സഹകരണത്തിന്റെ, ഒരുമയുടെ, കരുതലിന്റെ ,നമ്മുടെ നിസ്സാരതയുടെ വലിയ പാഠം.

**ബിൻസി ജോണി      മലയാളം അധ്യാപിക**

# മരണം

മരണം ഇല്ലെന്ന് ചിന്തിച്ചാൽ
പിന്നെ മരണം ഇല്ലാതാകുമോ
ഇന്നീ കിടപ്പറയിൽ ചെന്നവൻ
ഉണരു മെന്നാർക്കറിയാം
ഇന്ന് കണ്ടവൻ നാളെയില്ല
നാളെ ഉള്ളവൻ മറ്റന്നാളുമില്ല
ആരോഗ്യവാൻ മനുഷ്യനു
മരണം ഇല്ലാതാകുമോ

മരണം എന്നാരെങ്കിലും
കേട്ടാൽ അവൻ മനം ഞെട്ടി വിറക്കും
പാതിരാവിലെ നിലാവ് പോലെ
തഴുകി നടക്കും നാം.
മരിച്ച് മണ്ണായ ശേഷം
കാറ്റായും മഴയായും പാറിപ്പറക്കും നാം
കണ്ണീരൊലിപ്പിച്ചും നിൻ ജഡത്തിന്
ചുറ്റുമിരുന്ന് കരയും നിൻ ഭാര്യമക്കൾ
പിന്നേ നമ്മേ വിട്ട് പോകുമവ
ചിതലരിച്ച് പോകും അവർ

**മുഹമ്മദ് ഇർഫാൻ 9A**



# Adding Integer Song

Same Sign add and Keep
Different Sign,Subtract
Take the Sign of the Higher Number
Then You'll Be Exact.

+ AND + MAKES +
+ AND - MAKES -
- AND + MAKES -
- AND - MAKES +

If both signs are positive
Add them Up
If both Signs are positive
Then the Sum is positive
If both Signs are negative
Add them Up
Then the Sum negative
If the Signs are different
You must subtract
The Sum will be that Sign
At the greater value.

**Ali Akber STD.8**



# പഴഞ്ചൊല്ലുകളും അവയുടെ അർഥവും

- വിദ്യാധനം സർവ്വധനാൽ പ്രധാനം - വിദ്യയാണ് ഏറ്റവും വലിയ ധനം
- ചക്ക തുരന്നു നോക്കാം ഉള്ളു തുരന്നു നോക്കാൻ കഴിയുമോ?-ഓരോരുത്തരുടേയും മനസ്സിലിരുപ്പ് എന്താണെന്നറിയാത്ത അവസ്ഥ.
- കിട്ടിയതിനെ വിട്ട്പറക്കുന്നതിനെ പിടിക്കുക-അത്യാഗ്രഹം കൊണ്ട് കൈയിലുള്ളതും പോകും
- ഇന്നലത്തെ മലയിൽ കുരുത്ത തകര-പാരമ്പര്യമായി ശ്രേഷ്ഠതയില്ലാത്തവൻ.
- കിട്ടാനുള്ള തങ്കത്തേക്കാൾ നല്ലത് കിട്ടിയ ഇരുമ്പാണ്-കിട്ടുമെന്ന് പ്രതീക്ഷിക്കുന്നതിനെക്കാൾ കിട്ടിയതിനെ പരിപാലിക്കണം.
- വട്ടക്കുട്ടയിൽ വെള്ളം കോരുക-വിഷമിപ്പിക്കുക.
- ഭൂമിയോളം താഴാം.ഭൂമിവിട്ട് താഴാനാകുമോ?-ക്ഷമക്കും ഒരതിരുണ്ടല്ലോ?
- വാ കീറിയ ദൈവം ഇരയും കല്പിക്കും.-ജനിച്ചാൽ ജീവിക്കാനുള്ള വഴിയും താനേ ഉണ്ടാകും.
- അട്ടയെ പിടിച്ച് മെത്തയിൽ കിടത്തുക.-നീചന്മാരെ ഉന്നത സ്ഥാനത്ത് അവരോധിക്കുക.
- അരയും തലയും മുറുക്കുക.-തയ്യാറാകുക
- ഗതികെട്ടാൽ പുലി പുല്ലും തിന്നും.-ഗതികെട്ടാൽ ഏത് വലിയവനും നിസ്സാരനാകും.
- അച്ഛൻ ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാൽ.-രണ്ടു പേരുടേയും ഇഷ്ടം ഒന്നാകുക.
- ഹിരണ്യന്റെ നാട്ടിൽ ചെന്നാൽ ഹിരണ്യായ നമ:-ഓരോ നാട്ടിൽ ചെന്നാൽ അവിടത്തെ രീതിയനുസ്സരിച്ച് പെരുമാറണം.

**AryaLakshmi STD.9**

# രസികൻ ആസിഡ്

ആസിഡ് എന്നാൽ പേടിപ്പിക്കുന്ന രാസവസ്തുവാണ് പലർക്കും.എന്നാൽ ഇവ വളരെ ഉപകാരികളാണ്.ആസിഡ് കുടുംബത്തിലെ പലരേയും നാം ഭക്ഷണത്തിലൂടെ അകത്താക്കുന്നുമുണ്ട്.പുളിരുചി എന്നർഥമുള്ള ആസിഡസ് എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് ആസിഡ് എന്ന വാക്കിന്റെ വരവ്.ഓർഗാനിക്ക് ആസിഡുകൾക്ക് പൊതുവെ വീര്യം കുറവാണ്.ഇവയാണ് ഭക്ഷണത്തിലൂടെ നാം അകത്താക്കുന്നത്.അകാർബണിക ആസിഡുകൾ പലതും വീര്യം കൂടിയതും പൊള്ളലുണ്ടാക്കുന്നതും വിഷസ്വഭാവമുള്ളതുമാണ്.

രാസവസ്തുക്കളുടെ രാജാവെന്ന പേരിൽ അറിയപ്പെടുന്ന സൾഫ്യൂരിക് ആസിഡ്,അക്വാഫോർട്ടിസ് എന്നും സ്പിരിറ്റ് ഓഫ് നൈറ്റർ എന്നും വിളിക്കുന്ന നൈട്രിക് ആസിഡ്,നമ്മുടെ ആമാശയത്തിൽ ദഹനത്തെ സഹായിക്കുന്ന സ്പിരിറ്റ് ഓഫ് സോൾട്ട് എന്നറിയപ്പെടുന്ന ഹൈഡ്രോക്ലോറിക്ക് ആസിഡ്, ബോറിക്ക് ആസിഡ്,ക്രോമിക് ആസിഡ്,നൂറു ശതമാനം സൾഫ്യൂരിക് ആസിഡിനേക്കാൾ അമ്ലതയും പ്രോട്ടോണിന്റെ കെമിക്കൽ പൊട്ടൻഷ്യലും കൂടിയ ആസിഡുകളായ ഫ്ലൂറിനേറ്റഡ് കാർബൊറേൻ ആസിഡ്, ക്ലോറിനേറ്റഡ് കാർബൊറേൻ ആസിഡ്,ട്രൈഫ്ലിക് ആസിഡ്,ഫ്ലൂറോ സൾഫ്യൂരിക് ആസിഡ്, ഫ്ലൂറോ ആന്റിമണിക് ആസിഡ് എന്നീ സൂപ്പർ ആസിഡുകളും,സോഡയായുപയോഗിക്കുന്ന കാർബോണിക്ക് ആസിഡ് , ഗ്ലാസ് തിന്നുന്ന ഹൈഡ്രോഫ്ലൂറിക് ആസിഡ് തുടങ്ങിയവ ഇനോർഗാനിക് ആസിഡുകളാണ്.

ലോഹനിഷ്കർഷണ പ്രക്രിയകൾ, തുകൽ സംസ്കരണം, ലാബിലെ രാസവസ്തു,സ്റ്റോറേജ് ബാറ്ററികൾ, എച്ചിങ്,പല വസ്തുക്കളുടെയും നിർമ്മാണം,പെട്രോളിയത്തിന്റെ നിർമ്മാണം, ഔഷധങ്ങൾ, ചായങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം എന്നിങ്ങനെ വളരെ അധികം ആവശ്യങ്ങൾക്ക് ഇവ ഉപയോഗിക്കുന്നു

ചെറുനാരങ്ങയിലെ സിട്രിക് ആസിഡ്,വാളൻ പുളി,മുന്തിരി എന്നിവയിലെ ടാർട്ടാരിക് ആസിഡ്,ആപ്പിളിലെ മാലിക് ആസിഡ്,തക്കാളിയിലെ ഓക്സാലിക് ആസിഡ്,ഉള്ളിയിലെ സൾഫിനിക് ആസിഡ്,അച്ചാറുകൾ പെട്ടെന്ന് കേടുവരാതിരിക്കാൻ ചേർക്കുന്ന നേർപ്പിച്ച അസറ്റിക് ആസിഡ് (വിനാഗിരി) തുടങ്ങിയവ കാർബോക്സിലിക് ആസിഡുകളാണ്.മാത്രമല്ല പാൽമിറ്റിക് സ്റ്റിയറിക് ആസിഡുകൾ ഗ്ലിസറോളു-മായി ചേർന്നുണ്ടാകുന്ന എസ്റ്ററുകളാണ് എണ്ണകളും കൊഴുപ്പുകളും വൈറ്റമിൻ സി രാസപരമായി അസ്കോർബിക് ആസിഡുകളാണ്.വേദനസംഹാരിയായി ഉപയോഗിക്കുന്ന ആസ്പിരിൻ ആണെങ്കിൽ സാലിസിലിക് ആസിഡാണ്. ഇനി ഉറുമ്പു കടിക്കുമ്പോൾ ചെറിയ വേദനക്ക് കാരണം ഫോർമിക് ആസിഡാണ്. ഇവയും കാർബോക്സിലിക് ആസിഡുകളാണ്.

എന്നാൽ അന്തരീക്ഷത്തിൽ സൾഫർ ഡൈ ഓക്സൈഡ്,നൈട്രജന്റെ ഓക്സൈഡുകൾ എന്നിവയുടെ സാന്നിധ്യം അമ്ല മഴക്ക് കാരണമാകുന്നു,ഇവ ജലവുമായി ചേരുമ്പോൾ സൾഫ്യൂരിക് ആസിഡും നൈട്രിക് ആസിഡും ഉണ്ടാകുന്നു.ഇവ മഴവെള്ളത്തോടൊപ്പം പെയ്തിറങ്ങുന്നതാണ് അമ്ലമഴ.ഇത് മണ്ണിനും ജലത്തിനും ആവാസ വ്യവസ്ഥക്കും ജീവജാലകങ്ങൾക്കും കെട്ടിടങ്ങൾക്കുമൊക്കെ ഭീക്ഷണിയാണ്.

**ശാസ്ത്രകുറിപ്പ് ഷക്കീല വി എം ഫിസിക്കൽ സയൻസ് ടീച്ചർ**

# ശാസ്ത്രം @ 2018

## 2018 വിടപറയാൻ ഒരുങ്ങുമ്പോൾ പ്രധാന ശാസ്ത്ര നേട്ടങ്ങൾ

### സൂര്യനിലേക്ക് പറന്ന പാർക്കർ



- സൂര്യനോട് ഏറ്റവും അടുത്തെത്തിയ മനുഷ്യ നിർമ്മിത പേടകം എന്ന ബഹുമതി നാസയുടെ പാർക്കർ സോളാർ പ്രോബിന്
- വിക്ഷേപിച്ചത് ഓഗസ്റ്റ് 12 ന് ഡെൽറ്റ 4 റോക്കറ്റിൽ.
- സൂര്യന്റെ ബാഹ്യ അന്തരീക്ഷമായ കൊറോണയുടേയും സൗരാന്തരീക്ഷത്തിലെ അസാധാരണ പ്രതിഭാസങ്ങളുടെയും സൗര കണങ്ങളുടെയും സൗരവാതകങ്ങളുടെയും സൂര്യനിലെ വൈദ്യുത കാന്തിക മണ്ഡലത്തിന്റെയുമൊക്കെ രഹസ്യങ്ങൾ അന്വഷിക്കും
- പാർക്കർ എന്ന പേർ യൂജിൻ പാർക്കർ എന്ന യു എസ് ശാസ്ത്രജ്ഞന്റെ ബഹുമാനാർഥം

### കുതിക്കുന്ന ഐ എസ് ആർ ഒ

- പി എസ് എൽ വി സി-43 ഉപയോഗിച്ച് ഒറ്റയടിക്ക് വിദേശ ഉപഗ്രഹങ്ങളും ഇന്ത്യയുടെ ഹൈസിസ് എന്ന ഉപഗ്രഹവും വിക്ഷേപിച്ചു.



- ISRO ഇതുവരെ നിർമ്മിച്ചതിൽ വെച്ച് ഏറ്റവും ഭാരമേറിയ ഉപഗ്രഹമായ ബിഗ് ബേഡ് എന്നവിശേഷണമുള്ള ജിസാറ്റ്-11 ഭ്രമണപഥത്തിൽ എത്തിച്ചു.
- ഇതുവരെയുള്ളതിൽ വെച്ച് ഏറ്റവും കരുത്തുറ്റ ഇന്ത്യൻ റോക്കറ്റായ ജി എസ് എൽ വി MK3-D2,ജിസാറ്റ് - 29 ഉപഗ്രഹത്തെ വിജയകരമായി ഭ്രമണപഥത്തിൽ എത്തിച്ചു.

## ഐസ് ക്യൂബ് ന്യൂട്രിനോ

- ദക്ഷിണ ധ്രുവത്തിനടുത്തുള്ള ഐസ് ക്യൂബ് ന്യൂട്രിനോ ഒബ്സർവേറ്ററിയിൽ അത്യുന്നത ഊർജമുള്ള ഒരു ന്യൂട്രിനോയെ കണ്ടെത്തി.
- IC170922A എന്ന് പേരിട്ട ഈ സംഭവം ലോകം അറിഞ്ഞത് ഈ ജൂലായിൽ.
- 370 കോടി പ്രകാശവർഷം അകലെ ഒരു ഗാലക്സിക്ക നടുവിലുള്ള ഒരു ഭീമൻ തമോഗർത്തമാണ് ഈ ന്യൂട്രിനോയുടെ ഉറവിടം.

## റൈഡ്ബർഗ് പോളറോൺ

- ഒരു ആറ്റത്തിന്റെ  ന്യൂക്ലിയസ്സിനും ന്യൂക്ലിയസ്സിനെ ചുറ്റുന്ന ഇലക്ട്രോണിനും ഇടക്കുള്ള സ്ഥലത്ത് മറ്റ് ആറ്റങ്ങൾക്ക് ഇടം നൽകി സാധ്യമാക്കിയ പുതിയ ദ്രവ്യരൂപമാണ്  റൈഡ്ബർഗ്
- പോളറോൺ.പരീക്ഷണത്തിന് ഉപയോഗിച്ചത് സ്ട്രോൺഷ്യം ആറ്റങ്ങളുടെ ബോസ് ഐൻസ്റ്റൈൻ കണ്ടൻസേറ്റ് അവസ്ഥ.

## ക്ലോൺ കുരങ്ങുകൾ



- സോങ് സോങ്,ഹുവ ഹുവ-ഷാങ്ഹായിലെ ചൈനീസ് അക്കാദമി ഓഫ് സയൻസസിലെ ഗവേഷകർ ക്ലോണിങ്ങിലൂടെ സൃഷ്ടിച്ച ജനിതക സാമ്യമുള്ള രണ്ട് കുരങ്ങുകൾ.
- സൊമാറ്റിക് സെൽ ന്യൂക്ലിയർ ട്രാൻസ്ഫർ(SCNT)എന്നവിദ്യയാണ് ഇവിടെ ഉപയോഗിച്ചത്.

## ലുലുവും നാനയും

- ജനിതക മാറ്റം വരുത്തിയ ലോകത്തിലെ ആദ്യ ഇരട്ടക്കുഞ്ഞുങ്ങൾ.
- ക്രിസ്പർ കാസ്-9 എന്ന ജീൻ എഡിറ്റിങ് വിദ്യ ഉപയോഗിച്ച് ഭ്രൂണാവസ്ഥയിൽ ജീൻ എഡിറ്റിങ് നടത്തിയാണ് ഈ കുഞ്ഞുങ്ങളെ സൃഷ്ടിച്ചത്.
- നേതൃത്വം നല്കിയത് ചൈനീസ് ഗവേഷകനായ ഹീ ജിയാൻകു
- എച്ച്ഐവി ബാധയെ ചെറുക്കാൻ കഴിവുണ്ട്.
- ജനിതകരോഗങ്ങളെയും അർബുദം പോലുള്ള മാരക രോഗങ്ങളെയുമൊക്കെ ക്രിസ്പർ ജീൻ എഡിറ്റിങ്ങിലൂടെ തുരത്താൻ കഴിയും.

## ലക്ഷ്യം ബുധൻ,ചന്ദ്രൻ

- ബെപികൊളംബോ-യൂറോപ്യൻ സ്പേസ് ഏജൻസിയുടെയും ജപ്പാൻ എയറോസ്പേസ് എക്സ്പ്ലോറേഷൻ ഏജൻസിയുടെയും സംയുക്ത ദൗത്യം
- ഒക്ടോബറിൽ പുറപ്പെട്ട് ബുധന്റെ രഹസ്യങ്ങൾ കണ്ടെത്തുക ലക്ഷ്യം
- മെർക്കുറി പ്ലാനറ്ററിഓർബിറ്റർ,മെർക്കുറി മാഗ്നറ്റോസ്ഫെറിക് ഓർബിറ്റർ എന്നിങ്ങനെ രണ്ടു പേടകങ്ങളുണ്ട് ദൗത്യത്തിൽ.
- ചന്ദ്രനിലെ ഇരുണ്ടഭാഗത്ത് ഇറക്കാനുള്ള ഒരു റോവറുമായി ചൈനയുടെ ചാങ്-ഇ-4 പേടകവും പുറപ്പെട്ടു.

## ചൊവ്വയുടെ ഇൻസൈറ്റ്

- മെയ് 5 ന് യാത്ര തിരിച്ചു.നവംബർ 26 ന് ചൊവ്വയിൽ ഇറങ്ങി
- ചൊവ്വയുടെ ഉപരിതലം ആഴത്തിൽ കുഴിച്ച് ചൊവ്വയുടെ രാസഘടന പരിശോധിക്കൽ,പ്രകമ്പനങ്ങൾ നിരീക്ഷിക്കൽ,അന്തർഭാഗത്തേക്കുള്ള താപ പ്രവാഹം തുടങ്ങിയവയെക്കുറിച്ചുള്ള പഠനമാണ് പ്രധാന ലക്ഷ്യം.

## അനന്തതയിലേക്ക് ടെസ്സ്

- സൗരയൂഥത്തിനപ്പുറമുള്ള ഗ്രഹങ്ങളെക്കുറിച്ചും അന്യഗ്രഹ ജീവനെക്കുറിച്ചുമൊക്കെ ഉത്തരം തേടി നാസയുടെ ടെസ്സ് (ട്രാൻസിറ്റിങ് എക്സോപ്ലാനറ്റ് സർവേ സാറ്റലൈറ്റ്) യാത്ര തുടരുന്നു.
- വിക്ഷേപിച്ചത് ഏപ്രിൽ 18 ന്ഫാൽക്കൺ-9 റോക്കറ്റിൽ
- രണ്ടര വർഷത്തെ സർവ്വേക്കിടയിൽ ആയിരക്കണക്കിന് എക്സോപ്ലാനറ്റുകളെ കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷ.

## പുതിയ കിലോഗ്രാം

- നവംബറിൽ ഫ്രാൻസിൽ ചേർന്ന ജനറൽ കോൺഫറൻസ് ഓഫ് വെയ്റ്റ്സ് ആന്റ് മെഷേർസിൽ കിലോഗ്രാമിന് പുതിയനിർവചനം
- പ്ലാങ്ക് സ്ഥിരാങ്കത്തെ അടിസ്ഥാനമാക്കിയാണ് 2019 മെയ് മുതൽകിലോഗ്രാമിനെ നിർവ്വചിക്കുക.
- ഇതിന് കിബ്ബിൽ ബാലൻസ് ഉപയോഗിക്കും
- പാരീസിലെ ഇന്റർനാഷണൽ ബ്യൂറോ ഓഫ് വെയ്റ്റ്സ് ആന്റ് മെഷേർസിൽ സൂക്ഷിച്ചിരിക്കുന്ന പ്ലാറ്റിനം-ഇറിഡിയം ലോഹസങ്കരത്തിന്റെ (ഗ്രാൻഡ്-കെ) ഭാരം ആയിരുന്നു 1889 മുതൽ കിലോഗ്രാമിന്റെ മാനദണ്ഡം.

# സെന്റ് ജോൺസ് ഹയർസെക്കന്ററി സ്കൂൾ

## 2018-സ്കൂൾ പ്രവർത്തന റിപ്പോർട്ട്




2018 -ജൂൺ 1-ാം തിയ്യതി പ്രവേശനോത്സ-വത്തോടു കൂടി ആരംഭിച്ചു.ഹൈസ്കൂൾ വിഭാഗത്തില് 8,9,10 ക്ലാസ്സുകളിലായി മൂന്നു ഡിവിഷനും ഹയർസെക്കന്ററി വിഭാഗത്തിൽ സയൻസ്, കൊമേഴ്സ് വിഭാഗങ്ങളും പ്രവർത്തിച്ച് വരുന്നു.

ജൂൺ മാസത്തിലെ പ്രധാനദിനാചരണങ്ങൾ

ജൂൺ - 5 പരിസ്ഥിതിദിനം

ജൂൺ- 12 ബാലവേലവിരുദ്ധദിനം

ജൂൺ- 19 വായനാദിനം

ജൂൺ-26 ലഹരി വിരുദ്ധദിനം

## പരിസ്ഥിതിദിനം

പരിസ്ഥിതിദിനാചാരണത്തോടനുബന്ധിച്ച് സ്കൂളിൽ ഉപയോഗശൂന്യമായി കിടന്നിരുന്ന പ്ലാസ്റ്റിക് കുപ്പികൾ ഉപയോഗിച്ച് വെർട്ടിക്കൽ ഗാർഡൻ നിർമിച്ചു.പോത്താനിക്കാട് ഫാർമേഴ്സ് സഹകരണബാങ്ക് കൈരളി വായനശാല പുളിന്താനം എന്നീ പൊതുസ്ഥാപനങ്ങളുമായി സഹകരിച്ച് ഫലവൃക്ഷത്തൈകൾ സ്കൂളിലും വിദ്യാർഥികളുടെ വീട്ടിലും നട്ടുവളർത്താനുള്ള പദ്ധതി ആരംഭിച്ചു.ഈ പരിപാടിയുടെ ഉദ്ഘാടനം ഫാർമേഴ്സ് ബാങ്ക് പ്രസിഡന്റ് എം എം മത്തായി നിർവഹിച്ചു.തുടർന്ന് ഈ വിദ്യാലയത്തിലെ മുൻ ജീവശാസ്ത്ര അധ്യാപകൻ ജോർജ് കെ എം പരിസ്ഥിതി സന്ദേശം നൽകി.അതിനെ തുടർന്ന് ഇംഗ്ലീഷ് അധ്യാപിക ജിജി പോൾ ജൈവവൈവിധ്യ പാർക്കിനെക്കുറിച്ച് സംസാരിച്ചു.പോത്താനിക്കാട് കൃഷിഭവനുമായി സഹകരിച്ച് സ്കൂളിലും വിദ്യാർഥികളുടെ ഭവനങ്ങളിലും ജൈവപച്ചക്കറി കൃഷി നടപ്പിലാക്കി.

## വായനദിനം-വിദ്യാരംഗ കലാസമിതി വേദി

ജൂൺ -19 വായനദിനം വിവിധപരിപാടികളോടെ ആഘോഷിച്ചു.വിദ്യാലയത്തിലേക്കുള്ള പുസ്തകശേഖരണാർഥം സ്കൂൾ കവാടത്തിൽ ഒരു പുസ്തകമരിക സ്ഥാപിച്ചു. വിദ്യാർഥികളും അധ്യാപകരും അതിൽ പുസ്തകം നിക്ഷേപിച്ചു.വായനദിനത്തോടനുബന്ധിച്ച് വായനവാരപ്രവർത്തനങ്ങളുടെയും വിദ്യാരംഗ പ്രവർത്തനങ്ങളുടേയും ഉദ്ഘാടനം കോതമംഗലം റിട്ടയേഡ് എ ഇ ഒ എം സി വർക്കി നിർവഹിച്ചു.തുടർന്ന് വിദ്യാർഥികൾക്ക് വായിക്കാനുള്ള പുസ്തകംവിതരണം നടത്തി.കൂടാതെ പ്രശ്നോത്തരി മത്സരം,വായനമത്സരം എന്നിവ സംഘടിപ്പിച്ചു.

## ലഹരിവിരുദ്ധദിനം

ജൂൺ 26 ലഹരിവിരുധദിനം ആചരിച്ചു.ലഹരിവിരുധസന്ദേശം പ്രചരിപ്പിച്ചുകൊണ്ട് വിദ്യാലയകവാടം മുതൽ പുളിന്താനം കവല വരെ ലഹരിവിരുദ്ധ റാലി സംഘടിപ്പിച്ചു.എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു ബോധവല്കരണ ക്ലാസ്സ് നടന്നു.തുടർന്ന് അധ്യാപകരും വിദ്യാർഥികളും ചേർന്ന് ലഹരിവിരുദ്ധ പ്രതിജ്ഞ എടുത്തു.

## ജൂൺ 29 സി വി യാക്കോബ് അനുസ്മരണദിനം

സ്കൂളിന്റെ സ്ഥാപക മാനേജരായിരുന്ന സി വി യാക്കോബിന്റെ 12-ാം ചരമ വാർഷികം സ്കൂളിൽ ആഘോഷിച്ചു.എച്ച് എം മേരി പൗലോസ് ,മലയാള അധ്യാപിക ബിൻസി ജോണി എന്നിവർ അനുസ്മരണ പ്രഭാഷണം നടത്തി.

## ജൂലൈ 7

ജൂലൈ ഏഴാം തിയതി ഈ വിദ്യാലയത്തിലെ ഹൈ ടെക് ക്ലസ്സ് മുറികളുടെ ഉദ്ഘാടനം മൂവാറ്റുപുഴ എം എൽ എ ശ്രീ എൽദോ എബ്രഹാം നിർവഹിച്ചു.പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ,സാമൂഹിക സാംസ്കാരിക നേതാക്കൾ എന്നിവർ പ്രസ്തുത ചടങ്ങിൽ സംബന്ധിച്ചു.അന്നേദിവസം സ്കൂളിലെ സ്പോർട്ട്സ് അക്കാദമിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ശാന്തി എബ്രഹാം നിർവഹിച്ചു.അതോടൊപ്പം വിദ്യാർഥി സഹകരണ കാർഷിക ബാങ്കിന്റെ ഉദ്ഘാടനം പോത്താനിക്കാട് ഫാർമേഴ്സ് സഹകരണ ബാങ്കിന്റെ പ്രസിഡന്റ് എം എം മത്തായി നിർവഹിച്ചു.

## ജൂലൈ അഞ്ച് ബഷീർ അനുസ്മരണം

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ ബഷീർ അനുസ്മരണ യോഗം നടത്തി.മുഹമ്മദ് ഈസ അനുസ്മരണ പ്രഭാഷണം നടത്തി. തുടർന്ന് ബഷീർ കൃതികളുടെ പ്രദർശനം സ്കൂൾ വരാന്തയിൽ നടത്തി.

## ജൂലൈ ഇരുപത്തി ഒന്ന് ചാന്ദ്രദിനം

ചാന്ദ്രദിനത്തോടനുബന്ധിച്ച് ശാസ്ത്രാധ്യാപിക ഷക്കീല വി എം ന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ നടത്തി.ചാന്ദ്രദിനത്തോടനുബന്ധിച്ചുള്ള വീഡിയോ പ്രദർശനം,ചാന്ദ്രദിന പ്രശ്നോത്തരി,ചിത്രരചന പെയിന്റിംഗ് മത്സരങ്ങൾ എന്നിവ നടന്നു.

## ആഗസ്റ്റ് പതിനഞ്ച്

സ്വാതന്ത്ര്യദിനം,ഓണാഘോഷം എന്നിവ സംയുക്തമായി നടത്തി.വിഭവസമൃദ്ധമായ ഓണസദ്യയോടു കൂടിയായിരുന്നു ഓണാഘോഷം.പ്രളയബാധിത മേഖലകളിലേക്കും ദുരിതാശ്വാസക്യാമ്പിലേക്കും ഓണസദ്യയെത്തിക്കാൻ കഴിഞ്ഞു.

## തണലായി കനിവായി

ആഗസ്റ്റ് പതിനഞ്ചിന് തുടങ്ങിയ പ്രളയം ഈ പ്രദേശത്തേയും പ്രതികൂലമായി ബാധിച്ചു.പ്രളയബാധിതരായ ഈ ദേശനിവാസികൾക്ക് തണലാവാൻ ഈ വിദ്യാലയം ദുരിതാശ്വാസക്യാമ്പായി മാറി.ഈ വിദ്യാലയത്തിലെ പ്രധാനധ്യാപിക,അധ്യാപക അനധ്യാപകർ ,വിദ്യാർഥികൾ, മാനേജ്മെന്റ്,പി ടി എ എന്നിവർ ദുരിതാശ്വാസ പ്രവർത്തനത്തിന് മുൻകൈ എടുത്തു.

അധ്യാപകർ,വിവിധ സംഘടനകൾ എന്നിവരുടെ സഹായത്താൽ പ്രളയബാധിതരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ,വസ്ത്രങ്ങൾ എന്നിവ നൽകി സഹായിച്ചു.സർക്കാരിന്റെ ദുരിതാശ്വാസ നിധിയിലേക്കും ഈ സ്കൂളിലെ കുട്ടികൾ സഹായധനം നൽകി.പറവൂർ മേഖലയിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഈ സ്കൂളിലെ അധ്യാപക അനധ്യാപകരും പങ്കാളികളായി.

## സ്കൂൾ കായികമേള

സ്കൂൾതല കായികമേല ഒക്ടോബർ എട്ടാം തിയതി നടത്തി,വിവിധ മത്സരങ്ങളിൽ കുട്ടികൾ ആവേശപൂർവം പങ്കെടുത്തു.സബ് ജില്ല കായികമേളയിൽ എട്ടാം ക്ലാസ്സിലെ ഗംഗാദേവി ബി എൻ വ്യക്തിഗത ചാമ്പ്യൻ ഷിപ്പ് കരസ്ഥമാക്കി.



# പുതുകേരളം

എത്ര സുന്ദരമാണ് എന്റെ കേരളം.
എത്ര സുന്ദരമാണ് എന്റെ ഭാഷ.
നിരവധി പുഴകൾ ഉള്ള
എന്റെ സുന്ദരകേരളം.




കേരളത്തിലെ ഓരോ മനുഷ്യരും
കൈകോർത്ത് ഒത്തൊരുമയോടെ
സ്നേഹത്തോടെ സമാധാനത്തോടെ
ജീവിക്കുന്ന കേരളം

നിരവധി കലകളുള്ള എന്റെ കേരളം
നിരവധി കളികളുള്ള എന്റെ കേരളം
കഥകളി ഓട്ടൻതുള്ളൽ തുടങ്ങിയ
കലകളുള്ള എന്റെ കേരളം

ഇന്ത്യയിലെ സാക്ഷരത നേടിയ
ആദ്യ സംസ്ഥാനം കേരളം
എന്റെ അമ്മയാണ് എന്റെ കേരളം
എന്നെ താലോലിക്കുന്ന എന്റെ കേരളം.



**കൃഷ്ണേന്ദുക്ലാസ്സ്-പത്ത് എ**

# കേരളത്തിന്റെ ബുദ്ധമയൂരി

## സംസ്ഥാന ചിത്രശലഭമായി ശുപാർശ ചെയ്യപ്പെട്ട ബുദ്ധമയൂരിയെക്കുറിച്ച്


ചിത്രശലഭങ്ങളെ പൊതുവേ അഞ്ച് കുടുംബങ്ങളായിവിന്യസിച്ചിരിക്കുന്നു.ഇതിൽ ഏററവുംവലുപ്പവും ഭംഗിയുമുള്ളവ കിളിവാലൻ ചിത്രശലഭമെന്ന വിളിക്കുന്ന Papilionidae എന്ന കുടുംബത്തിലാണ്.എണ്ണത്തിൽ ഏറ്റവും കുറവ് ശലഭങ്ങളും ആ കുടുംബത്തിലാണ്.ലോകത്തേറ്റവും വലുപ്പമേറിയ ചിത്രശലഭമായപാപുവ ന്യൂഗിനിയിലെ ക്വീൻ അലക്സാൺഡ്ര ബേഡ് വിങ്ങും ഇന്ത്യയിലെ ഏറ്റവും വലിയ ചിത്രശലഭമായ പശ്ചിമഘട്ടത്തിലെ ഗരുഡശലഭവും ഈ കുടുംബത്തിൽ ഉള്ളവ തന്നെ.ഇതേ കുടുംബത്തിലെ മറ്റൊരു ശലഭമാണ് ബുദ്ധമയൂരി അഥവ Papilio budha.



## ശാപമാണ് സൗന്ദര്യം

വെയിലിൽ പറക്കുമ്പോൾ വിവിധകോണുകളിൽ നിന്നുള്ള കാഴ്ചകളിൽ ഇവയ്ക്ക് വിവിധ നിറമാണ്.ഭംഗിയിൽ മറ്റേതൊരു ശലഭത്തോടും കിടപിടിക്കും.തിളങ്ങുമ്പോൾ മയിൽ പ്പീലിയോടു സാമ്യം തോന്നുന്നതിവാലാണ് ബുദ്ധമയൂരി എന്ന പേര്.അതിവേഗം പറക്കാൻ കഴിവുണ്ട്.കൊങ്ങിണിയിലും കൃഷ്ണകിരീടത്തിലും തേൻ കുടിക്കാൻ ഇവയെ കാണാം.പശ്ചിമഘട്ടത്തിൽ വടക്ക് മഹാരാഷ്ട്ര മുതൽ മധ്യകേരളം വരെയുള്ള പ്രദേശങ്ങളിലാണ് ഇവയെ പ്രധാനമായും കണ്ടുവരുന്നത്.സൗന്ദര്യം ബുദ്ധമയൂരിക്ക് ശാപമാണെന്ന് പറയാം.പൂമ്പാറ്റകളെ അലങ്കാര ആവശ്യങ്ങൾക്ക് കയറ്റുമതി ചെയ്യുന്നതിൽ ബുദ്ധമയൂരിയും ഉൾപ്പെടുന്നു.

## താമസം,ഭക്ഷണം,മുള്ളിലവ്



പലശലഭങ്ങളും ചിലപ്രത്യേക ഇനം സസ്യത്തിൽ മാത്രം മുട്ടയിടുന്നവയാണ്.ഈ മുട്ടവിരിഞ്ഞുവരുന്ന ശലഭപ്പുഴുക്കൾ ആ ചെടിയുടെ ഇല തിന്നാണ് വളരുന്നത്.എത്രയൊക്കെ പട്ടിണി ആയാലും മറ്റൊരു സസ്യത്തിന്റെ ഇലകൾ തിന്നു വളരാൻ ശലഭങ്ങൾക്ക് ആവില്ല.ബുദ്ധമയൂരിയും ഒരേയൊരുതരം ചെടിയുടെ ഇല മാത്രമേ ഭക്ഷിക്കുകയുള്ളൂ.

നമ്മുടെ നാട്ടിൽ കാണുന്ന മുള്ളിലം അഥവ മുള്ളിലവ് എന്ന മരമാണത്.നാരക കുടുംബത്തിൽപ്പെട്ട തടി നിറയെ മുള്ളുകൾ നിറഞ്ഞ ഈ മരം സാമ്പത്തികമായി വലിയ ഗുണമൊന്നുമില്ല.അതിനാൽ ആരും നട്ടുവളർത്തുന്നില്ല.



## കാവലാകാം ശലഭങ്ങൾക്ക്


400-500 ലക്ഷം കൊല്ലങ്ങൾക്ക് മുൻപാണ് പൂമ്പാറ്റകൾ പരിണമിച്ച് ഉണ്ടായത്.മനുഷ്യൻ ഉണ്ടായിട്ട് കേവലം രണ്ടു ലക്ഷത്തോളം വർഷമേ ആയിട്ടുള്ളൂ.മനുഷ്യനെ അപേക്ഷിച്ച് നോക്കുമ്പോൾ എത്രയോ മടങ്ങുകാലം ഈ ഭ്രമിയിൽ ജീവിച്ച ശലഭങ്ങൾ ഇന്നലെയുണ്ടായ മനുഷ്യന്റെ ചെയ്തികളാൽ ഭീഷണി നേരിടുന്നു.ബുദ്ധമയൂരിയെ സംരക്ഷിക്കാൻ അവശേഷിക്കുന്ന മുള്ളിലവുകൾ സംരക്ഷിക്കുന്നതോടൊപ്പം ഉദ്യാനങ്ങളിലും വീട്ടുവളപ്പിലുമെല്ലാം  മുള്ളിലങ്ങൾ നട്ടുവളർത്തുന്നതും ഈ ശലഭങ്ങൾ തേനുണ്ണാൻ എത്തുന്ന പൂച്ചെടികൾ നട്ടുപിടിപ്പിക്കുന്നതും നല്ലമാർഗങ്ങളാണ്.

# ചിത്രം




എട്ടാം ക്ലാസ്സിലെ  അലി അക്ബറിന്റെ കലാസൃഷ്ടി

# ദൂരെ  ഒരു ജലനിധി



ഗ്രഹങ്ങളിലുംവാൽനക്ഷത്രങ്ങളിലുമടക്കം സൗരയൂഥത്തിലെ പല വസ്തുക്കളിലും ഏതെങ്കിലും തരത്തിൽ ജലസാന്നിധ്യമുണ്ട്. ഇപ്പോഴിതാ ബെന്നു എന്നൊരു ഛിന്നഗ്രഹത്തിലും ജലാംശം കണ്ടെത്തിയിരിക്കുന്നു.

2016 ൽ ഭൂമിയിൽനിന്നു പോയ ഒസിരിസ്-റെക്സ് (OSIRIS-Rex) എന്ന പേടകം ഛിന്നഗ്രഹത്തിനു 19 കിലോമീറ്റർ അകലെ നിന്ന് നടത്തിയ പരിശോധനകളിലാണ ഹൈഡ്രോക്സിൽ തന്മാത്രകളുടെ സാന്നിധ്യം കണ്ടെത്തിയത്.

ദ്രവരൂപത്തിൽ ജലത്തെ ഉൾക്കൊള്ളാനുള്ള കഴിവ് ഇത്തരം ഛിന്നഗ്രഹത്തിന് ഇല്ലെന്നാണ് നിഗമനം.ബെന്നു ഒരു കാലത്ത് ജലമുള്ള ഒരു വലിയ ഗ്രഹത്തിന്റെയോ മറ്റോ ഭാഗമായിരുന്നിരിക്കാം. അതല്ലെങ്കിൽ യാത്രയ്ക്കിടയിൽ എപ്പോഴെങ്കിലും ജലമുള്ള എന്തെങ്കിലും വസ്തുവുമായി സമ്പർക്കത്തിൽ വന്നതാവാം.

ബെന്നുവിലിറങ്ങി സാംപിളുകൾ കൊണ്ടുവരുകയാണ് ഒസിരിക്സ്-റെക്സിന്റെ ദൗത്യം.അതിനായി ഛിന്നഗ്രഹത്തിനു ചുറ്റും ഒരു ഉപഗ്രഹം പോലെ കറങ്ങി അതിന്റെ മാസ്,കറക്കത്തിന്റെ വേഗത എന്നിവ അളന്ന് ആകൃതി മനസ്സിലാക്കും.അര കിലോമീറ്ററിൽ താഴെ മാത്രമാണ് ബെന്നുവിന്റെ വലിപ്പം.അതിനാൽ തന്നെ ഗുരുത്വാകർഷണം വളരെ കുറവ്.ഇത്ര ചെറിയ ഗുരുത്വാകർഷണമേഖലയിൽ ഒരു ഓർബിറ്റൽ കറങ്ങുക എന്നവെല്ലുവിളിയാണ് പേടകത്തിന് മറികടക്കാനുള്ളത്.

**ശാസ്ത്രക്കുറിപ്പ്**



# ഇന്റർനെറ്റിലെ എഴുത്ത്

നമ്മുടെയെല്ലാം മനസ്സിനെ ആസ്വദിപ്പിക്കുകയാണല്ലോ വിവിധ സാഹിത്യരൂപങ്ങളുടെ ലക്ഷ്യം.കഥയും കവിതയും നോവലുമെല്ലാം നമുക്ക് ഏറെ പ്രിയപ്പെട്ടവയാണ്.അവയുടെ പ്രത്യേകതകളെ അടിസ്ഥാനമാക്കി പല വിഭാഗങ്ങളായി

തരംതിരിക്കുന്നുണ്ട്.ആട്ടകഥ,തുള്ളൽ,സന്ദേശകാവ്യങ്ങൾ,നാടകം,യാത്രവിവരണം,വിമർശനം ഇവയെല്ലാം വ്യത്യസ്ത കാലഘട്ടങ്ങളിൽ രൂപപ്പെട്ടതാണ്.സാഹിത്യരൂപങ്ങൾ പിറവിയെടുക്കുന്നതിന് സാമൂഹികവും സാംസ്കാരികവുമായ പല കാരണങ്ങളുണ്ടാകാം.

വിവര വിനിമയ സാങ്കേതിക വിദ്യയുടെ വിസ്മയിപ്പിക്കുന്ന വളർച്ചയാണ് നാം സാങ്കേതിക വിദ്യയുമായി കൂടുതൽ അടുക്കുവാനുള്ള കാരണം.ഇന്ന കമ്പ്യൂട്ടറുകളുമായി ബന്ധിക്കപ്പെട്ടതും ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്നതുമായ ഒരു വലയ ശൃംഖലയാൽ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുകയാണ് നാം.ഇത് നിത്യജീവിതത്തിൽ ഒഴിച്ച് കൂടാനാവാത്തതിനാൽ സാങ്കേതിക വിദ്യയുടെ സ്വാധീനം സാഹിത്യത്തിലും പ്രത്യക്ഷപ്പെട്ടു.സാങ്കേതിക വിദ്യയുടെ വരവോടെ സാഹിത്യത്തിൽ പുതിയ ഒരു മേഖലകൂടി ഉയർന്നുവന്നു.അതാണ് സൈബർ സാഹിത്യം.നോവലും കഥയും കവിതയുമെല്ലാം ഇന്ന സൈബർ രൂപത്തിൽ കടന്നുവരുന്നുണ്ട്.

## സൈബർ ഇടം



സാങ്കേതിക വിദ്യ സൃഷ്ടിക്കുന്ന ലോകം തികച്ചും സാങ്കൽപികമാണ്എന്നാൽ അത് ഉപയോഗിക്കുന്നവർക്ക് യാഥാർഥ്യമായി തോന്നുകയും ചെയ്യും. ഇതിനെയാണ് പ്രതീതി യാഥാർഥ്യം എന്ന പറയുന്നത്.ഭാവനയുടേതായ ഒരു പുതിയ അന്തരീക്ഷമാണിത്. ഇതാണ് സൈബർ ഇടത്തിന്റെ സവിശേഷത.സമൂഹമാധ്യമങ്ങളും നവമാധ്യമങ്ങളും ഇന്റർനെറ്റും ഇമെയിലും എല്ലാം ചേർന്ന വിവരസാങ്കേതിക വിദ്യയുടെ മാത്രമായ ലോകമാണ് സൈബർ ഇടം.

## സൈബർ നോവൽ

മലയാളത്തിൽ പ്രസിദ്ധീകരിച്ച ആദ്യ സൈബർ നോവലുകളിലൊന്നാണ് നൃത്തം.എം.മുകുന്ദമേനോനാണ് ഇതെഴുതിയത്.ഒട്ടേറേ പ്രത്യേകതകളുള്ള നോവലാണിത്.സാധാരണയായി നോവലിലും കഥകളിലുമെല്ലാം ഏതെങ്കിലും നാടിന്റെ പശ്ചാത്തലത്തിലായിരിക്കും കഥ പറയുന്നത്.എന്നാൽ നൃത്തം എന്ന നോവലിൽ കഥ ആവിഷ്കരിക്കുന്ന പശ്ചാത്തലം സൈബർ ഇടമാണ്.ഒന്നു കൂടി വ്യക്തമായി പറഞ്ഞാൽ പ്രത്യേകിച്ച് ഒരു ഇടമില്ല.അത് ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്നു.കൂട്ടുക്കാർ ഉപയോഗിക്കുന്ന ഇന്റർനെറ്റുപോലെ.

## സൈബർ കവിത

ഇക്കാലത്ത് ഒട്ടേറേ നല്ല കവിതകൾ പിറക്കുന്നത് സൈബർ ഇടങ്ങളിലാണ്.വാട്സ്സാപ്പിലും ഫെയ്സ് ബുക്കിലും പിറക്കുന്ന ഹൈക്കുകവിതകൾ മുതൽ,കവിതകൾക്കു മാത്രമായുള്ള ബ്ലോഗുകൾ വരെ ഇന്ന്

സജീവമാണ്.വരികൾ എപ്പോൾ തോന്നിയാലും അത് മൊബൈലിൽ എഴുതി വയ്ക്കുകയോ റിക്കോർഡ് ചെയ്തു വയ്ക്കുകയോ ചെയ്യാനുള്ള സാഹചര്യം ഏറെ സൗകര്യപ്രദമാണ്.

## കഥ,നോവൽ

മലയാളത്തിൽ ഇന്ന സൈബർ സാഹിത്യം വളരെ സജീവമാണ്.ഇന്റർനെറ്റിലെ പ്രസിദ്ധീകരണ സ്ഥലത്ത് പ്രത്യക്ഷപ്പെടുന്ന സാഹിത്യരചനകളെ പൊതുവെ സൈബർസാഹിത്യം എന്ന പറയുന്നു.കഥയിലും കവിതയിലും നോവലിലുമെല്ലാം സൈബർപ്രമേയം വ്യാപകമായി കടന്നുവരുന്നുണ്ട്.കാലത്തിന്റെ മാറ്റം നമ്മുടെ സാഹിത്യ സൃഷ്ടികളിലും പ്രകടമാകുന്നതിന്റെ ഉദാഹരണമാണ് സൈബർ സാഹിത്യം.ഇതെല്ലാം നമ്മുടെവിരൽത്തുമ്പിൽ അനായസം ലഭ്യമാകുന്ന എന്നതാണ് മറ്റൊരു കാര്യം.

### വിവരണം



# പേരമരത്തിലെ തത്തമ്മ

" അച്ഛാ,ആ തത്തമ്മ ഇന്നും കോവൽ കായ തിന്നാൻ വന്നു എന്ത് രസമാ കാണാൻ...."പത്രം വായിച്ചുകൊണ്ടിരുന്ന അച്ഛന്റെയടുത്തേക്ക് ഓടിവന്നുകൊണ്ട് അപ്പു പറഞ്ഞു.മുറ്റത്തെ പേരമരത്തിൽ പടർന്നുകൂടിയ കോവലിന്റെ വള്ളിച്ചെടിയിൽ പഴുത്ത് ചുവന്ന ധാരാളം കോവൽകായ്കളുണ്ടായിരുന്നു.അതു കൊത്തിയെടുക്കാൻ സ്ഥിരമായി വരുന്ന തത്തമ്മ അപ്പുവിന് കൗതുകമായിരുന്നു.ഒരു ദിവസം അവൻ കമ്പും കൊള്ളിയും ഇലകളും നിരത്തി പേരയുടെ ഉയർന്ന ചില്ലയിൽ പരന്ന കൂടൊരുക്കി.അതിൽ ഒന്നുരണ്ടു പഴുത്ത കോവൽ കായ്കൾ വച്ചു.എന്നിട്ടു കാത്തുനിന്നു.

അന്ന് അപ്പുവിന്റെ കൂട്ടിൽ വന്നിരുന്ന തത്തമ്മ കായ്കളെല്ലാം തിന്നുതീർത്തു.അപ്പു ഓടിവന്നു  തന്റെ കുഞ്ഞനിയത്തി അമ്മുവിനോടു പറഞ്ഞു. "അമ്മു, ദേ ഞാൻ വെച്ച കോവൽ കായെല്ലാംതത്തമ്മ തിന്നു."അമ്മു അതിശയത്തോടെ പേരമരത്തിലേക്കു നോക്കി.അപ്പോൾ അമ്മുവിന് ഒരാഗ്രഹം തത്തമ്മയ്ക്കു സ്വന്തം കൈകൊണ്ട് ഒരു കായ് കൊടുക്കണം.പതിവായി അപ്പു കോവൽക്കായ കൂട്ടിൽ വച്ചു. ഓരോ ദിവസവും അപ്പു ആ തത്ത വരുമ്പോൾ കൂടിനടുത്തേക്ക് വന്നു.ആദ്യമൊക്കെ തത്തമ്മ പറന്നെങ്കിലും പിന്നീടതിന് അപ്പുവിനെ പേടിയില്ലാതായി.ഒരു ദിവസം തത്തമ്മ വന്നപ്പോൾ അപ്പു മരത്തിൽ കയറി ഒരു കോവൽ കായ് എടുത്ത് തത്തമ്മയ്ക്ക് നേരേ നീട്ടി.തത്തമ്മ മെല്ലെ അതു ചുണ്ടുകൊണ്ടു കൊത്തിയെടുത്തു തിന്നു.

അപ്പു  താഴെയിറങ്ങി.കണ്ടുനിന്ന അച്ഛനെ സന്തോഷം കൊണ്ടു കെട്ടിപ്പിടിച്ചു.അമ്മു പറഞ്ഞു: "എനിക്കും കായ് കൊടുക്കണം".

അപ്പു തടഞ്ഞു. "നീ കൊടുത്താൽ തത്തമ്മ പിന്നെ വരില്ലാ"രണ്ടുപേരും ശണ്ഠകൂടി ആകെ ബഹളമായി.അതു കേട്ട അമ്മ ഓടിവന്നു.

'അമ്മേ, എന്താ ഞാൻ മരത്തേ കേറിയാല് ?"അമ്മു ചോദിച്ചു "വേണ്ട പറ്റില്ല" അപ്പു ശഠിച്ചു ഇരുവരും കരയാൻ തുടങ്ങി.




അച്ഛൻ പറഞ്ഞു."മോനേ അമ്മുവും കൊടുത്തോട്ടെ തത്തമ്മയ്ക്കു കോവൽ കായ അതു പോകാതിരിക്കാനുള്ള വഴി ഞാൻ പറഞ്ഞു തരാം". പിന്നെ അമ്മുവിനോടു പറഞ്ഞു "മോളെ അവൻ ദിവസങ്ങളായി ശ്രമിച്ച് കൂട്ടുകൂടിയ തത്തമ്മയല്ലേ ,മോളു പെട്ടെന്ന് ചെന്നാൽ അതുപോകും .അതുകൊണ്ട് വളരെ വളരെ പതുക്കെ അടുക്കാം"

ഇരുവരും ഇഷ്ടത്തോടെയല്ലെങ്കിലും സമ്മതിച്ചു.അച്ഛൻ പറഞ്ഞതു കേട്ട് അപ്പുവും അനിയത്തിയെ സഹായിച്ചു.ദിവസങ്ങൾ കഴിഞ്ഞു.അപ്പുവും അമ്മുവും തത്തമ്മയുടെ ഉറ്റ ചങ്ങാതിമാരായി.ഇരുവരും സന്തോഷത്തോടെ തത്തമ്മയ്ക്കു കോവൽ കായ്കൾ കൊടുത്തു.

# പൊന്നാണ് മണ്ണ്

ഭൂമിയുടെ ഉപരിതലത്തിൽ ഏറ്റവും പുറമെയുള്ള പാളിയാണ് മൺപാളി പദാർഥത്തിന്റെ മൂന്ന് അവസ്ഥകളായ ഖരം, ദ്രാവകം,വാതകം എന്നിവ ഇതിൽ ഉൾക്കൊണ്ടിരിക്കുന്നു.

## മണ്ണിന്റെ ഘടന

മണ്ണ് രൂപാന്തരം പ്രാപിച്ച് ശിലയുടെ സ്വഭാവം പ്രദേശത്തെ ഈർപ്പത്തിന്റെ അളവ്, സസ്യവൈവിധ്യം തുടങ്ങിയവയ്ക്കനുസരിച്ച് വിവിധയിനം മണ്ണുകൾ കാണപ്പെടുന്നു. നിറം,സംയോഗഘടന,രാസഘടന,അമ്ല-ക്ഷാരഗുണങ്ങൾ എന്നിവയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളും വിവിധ പ്രദേശങ്ങളിലെ മണ്ണിനങ്ങളെ വ്യത്യസ്തമാക്കുന്നു.

രാസ-ഭൗതിക ജൈവ അപക്ഷയങ്ങളിലാണ് ശിലാ ശകലങ്ങളെ മണ്ണാക്കി മാറ്റുന്നത്.മണ്ണ് രൂപീകരണ പ്രക്രിയയിൽ സമയത്തിന് വലിയ പങ്കാണുള്ളത്.

മണ്ണിലടങ്ങിയിരിക്കുന്ന വിവിധ പദാർഥങ്ങളുടെ ഘടനക്കും അളവിനുമനുസരിച്ച് അതിന്റെ നിറവും വ്യത്യാസപ്പെട്ടിരിക്കും.ഉദാഹരണമായി ജീർണ്ണിച്ച ജൈവവസ്തുക്കൾ കൂടുതലെങ്കിൽ മണ്ണിനു കറുപ്പുനിറമായിരിക്കും.കുറവെങ്കിൽ ബ്രൗൺ നിറവും ചുവപ്പുനിറ. ഇരുമ്പിന്റെ സാന്നിധ്യത്തെയാണ് സൂചിപ്പിക്കുന്നത്.

## മണ്ണിനായി ഒരു ദിവസം




ഐക്യരാഷ്ട്ര സംഘടന ഡിസംബർ 5 ലോക മണ്ണുദിനമായി പ്രഖ്യാപിച്ചിട്ടുണ്ട്.2002 ൽ ഇന്റർനാഷണൽ യൂണിയൻ ഓഫ് സോയിൽ സയൻസസ് പാസാക്കിയ ഒരു പ്രമേയത്തിന്റെഅടിസ്ഥാനത്തിൽ 2013 ലാണ് ഈ ദിനാചരണം തുടങ്ങിയത്.

## നമ്മുടെ മണ്ണ്

- എക്കൽമണ്ണ്,ചെങ്കൽമണ്ണ്,ചുവന്നമണ്ണ്,കറുത്ത മണ്ണ്,മരുഭൂമിയിലെ മണ്ണ്,വനമണ്ണ്,കരിങ്കണ്ണ്,ചതുപ്പുമണ്ണ് തുടങ്ങിയവയാണ് ഇന്ത്യയിലെ പ്രധാനമണ്ണിനങ്ങൾ.
- നമ്മുടെ ഭക്ഷ്യഭണ്ഡാരമായ ഉത്തര മഹാസമതലത്തിൽ വലിയ അളവിൽ എക്കൽമണ്ണുണ്ട്.ഗംഗാ സമതലത്തിന് പുറമെ നർമദ-താപ്തി താഴ്വരകളിലും കൃഷ്ണ-ഗോദാവരി നദീതടങ്ങളിലും ഇതുകാണപ്പെടുന്നു.
- പരുത്തി കൃഷിക്ക് അനുയോജ്യമായ കറുത്ത മണ്ണ് ഡക്കാൻ മേഖലയിൽ അധികമായുണ്ട്.ലാവ ഉറഞ്ഞുണ്ടായ ബസാൾട്ടിക്ക് ശിലകളിൽനിന്നാണ് ഇതിന്റെ ഉദ്ഭവം.

# കേരളത്തിലെ മണ്ണിനങ്ങൾ

തീരദേശമണ്ണ്കേരളത്തിന്റെ തീരദേശങ്ങളിലും സമതലങ്ങളിലും കാണുന്ന ഫലപുഷ്ടി കുറഞ്ഞ ഈ മണ്ണിന് മഞ്ഞ കലർന്ന തവിട്ടുനിറമാണ്.

**എക്കൽമണ്ണ്**

ഏറ്റവും ഫലപുഷ്ടിയുള്ള മണ്ണിനംപുഴയോരങ്ങളിൽ കൂടുതലായി കാണപ്പെടുന്നു

**കരിമണ്ണ്**

കടൽനിരപ്പിനു താഴെയുള്ള ചതുപ്പുനിലങ്ങളിലാണ് ഇതിന്റെ സാന്നിധ്യം.ആലപ്പുഴ,കോട്ടയം ജില്ലകളിൽ കാണുന്നു.

**വെട്ടുകൽമണ്ണ്**

മലനാടിനും തീരദേശത്തിനും ഇടക്കുള്ള ഇടനാടിലെ പ്രധാനമണ്ണിനം.മഞ്ഞയോ ചുവപ്പോ കലർന്ന തവിട്ടുനിറം.

**ചെമ്മണ്ണ്**

താരതമ്യേന ഫലപുഷ്ടി കുറഞ്ഞ അമ്ലസ്വഭാവമുള്ള മണ്ണിനം .തിരുവനന്തപുരം ജില്ലയിലെ ചിലതാലൂക്കുകളിൽ കൂടുതലായി കാണുന്നു.

**മലയോരമണ്ണ്**

തെങ്ങ്,കുരുമുളക്,റബ്ബർ തുടങ്ങിയവ വളരുന്ന ഈ മണ്ണിന് സാമാന്യം ഫലപുഷ്ടിയുണ്ട്.മഞ്ഞകലർന്നതോ അല്ലാത്തതോ ആയ തവിട്ടുനിറം

**കറുത്തപരുത്തിമണ്ണ്**

പേരു സൂചിക്കുമ്പോലെ പരുത്തിക്ക് യോജിച്ച ഈ മണ്ണിൽ കരിമ്പും നെല്ലും വിളയുന്നു.പാലക്കാട്ടെ ചിറ്റൂരിൽ കൂടുതലായി കാണപ്പെടുന്നു

**വനമണ്ണ്**

മങ്ങിയതോ കടുത്തതോ ആയ തവിട്ടുനിറമാണിതിന് .വനമേഖലകളിൽ കണ്ടു വരുന്ന മണ്ണിനമാണിത്.



# സൂപ്പർ സ്റ്റാർ ചക്കക്കുരു



അതിവിദൂരമല്ലാത്ത ഭാവിയിൽ ചക്കക്കുരുവും ബ്രസീൽ നട്ടിനൊപ്പമെത്താൻ സാധ്യതയുണ്ട്. കാൻസർ സാധ്യത അറിയാൻ ചക്കക്കുരുവിനു കഴിയും. ചക്കക്കുരു നാരുകളുടെ കലവറയാണ്. മുഖത്തു തിളക്കമുണ്ടാക്കാൻ സഹായിക്കുന്നു. ജാക്ക് സീഡ് മസാല,പോട്ട് റോസ്റ്റഡ് ജാക്ക് സീഡ്.സ്വീറ്റി ജാക്ക് സീഡ് തുടങ്ങി സ്റ്റാർ ഹോട്ടലിലെ മെനുവിൽ മുൻനിരയിലാണ് ചക്കക്കുരു.
ചക്ക ഇഷ്ടപ്പെടുന്നവർ പോലും ചക്കക്കുരുവിനെപുറന്തള്ളികളയുകയായിരുന്നു സമീപകാലം വരെ. ചക്കയ്ക്ക് സ്വാദും ആരോഗ്യഗുണങ്ങളുമുണ്ടെങ്കിലും ചക്കക്കുരുവിന് ഇതൊന്നും ഇല്ല എന്ന് കരുതിയവരാണ് പലരും. ധാരാളം ആന്റിഓക്സിഡന്റുകളും വൈറ്റമിനുകളുമെല്ലാം ചക്കക്കുരുവിൽ അടങ്ങിയിട്ടുണ്ട്. കാൽസ്യം, സിങ്ക്, ഫോസ്ഫറസ് തുടങ്ങിയവയെല്ലാം ചക്കക്കുരുവിൽ അടങ്ങിയിട്ടുണ്ട് എന്നാണ് ഗവേഷണങ്ങളിലൂടെ വ്യക്തമായിട്ടുള്ളത്.

കപ്പ ചക്കക്കുരു മിക്സ്,ചക്കക്കുരു ഉപ്പേരി,അവിയൽ തുടങ്ങി രുചിയേറുന്ന ചക്കക്കുരു വിഭവങ്ങളുമേറേ. ചക്കക്കുരു കാൻസറിനെ തടഞ്ഞുനിർത്താൻ കഴിയുന്നവയാണെന്നു രാജീവ് ഗാന്ധി ബയോടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടന്ന പരീക്ഷണങ്ങൾ വിശദമാക്കിയിരുന്നു. ചക്കക്കുരു പ്രതിരോധശക്തിയും വർധിപ്പിക്കുന്നുണ്ട്. ഇതിൽ ധാരാളമായി അടങ്ങിയിരിക്കുന്ന നാരുഘടകം ഭക്ഷണത്തിലെ പഞ്ചസാര തന്മാത്രകളുടെയും കൊഴുപ്പുഘടകങ്ങളുടെയും ആഗിരണം കുറക്കുന്നു.

ചക്കക്കുരു അരച്ച് പാൽ, തേൻ എന്നിവ ചേർത്തു മുഖത്തു പുരട്ടുന്നത് മുഖത്തെ പാടുകൾ അകറ്റാൻ സഹായിക്കുമെന്നാണിപ്പോൾ ഗവേഷകർ പറയുന്നത്.സ്ട്രെസ് കുറയ്ക്കാനും, മുടിവളർച്ചയ്ക്കും സഹായിക്കുമെന്ന കണ്ടെത്തലുമുണ്ട്.അനീമിയയുള്ളവർക്കുള്ള നല്ലൊരു പരിഹാരമായും ചക്കക്കുരു നിർദേശിക്കപ്പെടുന്നു. നാട്ടിലെ പറമ്പുകളിൽ ആർക്കും വേണ്ടാതെ കിടന്നിരുന്ന ചക്കക്കുരു കൂട്ടി ഒരു വിഭവം കിട്ടണമെങ്കിൽ സ്റ്റാർ ഹോട്ടലിൽ പോകണമെന്ന അവസ്ഥയാണ്.

# പ്ലാസി വഞ്ചനയുടെ പകൽ

1757 ജൂൺ 23 പ്രഭാതം. കാർമേഘം നിറഞ്ഞ അന്തരീക്ഷം. പീരങ്കികളിൽ നിന്നും വെടിയൊച്ചയുതിർന്നു. ഇരു സൈന്യങ്ങളും ഏറ്റുമുട്ടി. തുടക്കത്തിൽ നവാബിന്റെ സൈന്യം മുന്നേറി. എന്നാൽ കനത്ത മഴയിലും കാറ്റിലും വെടിക്കോപ്പുകളും ഉപകരണങ്ങളും നനഞ്ഞു കുതിർന്ന നവാബിന്റെ സൈന്യത്തിനു മുന്നേറാൻ കഴിയാതെയായി. ക്ലൈവിന്റെ പീരങ്കിപ്പടയുടെ പ്രത്യാക്രമണത്തിൽ ആനപ്പടയും കുതിരകളും കാളകളും വിരണ്ടോടി. സൈനികവ്യൂഹമാകെ ചിതറി ആത്മവിശ്വാസമില്ലാത്തവരെപ്പോലെ പരക്കം പാഞ്ഞു. നവാബിന്റെ സൈനിക മേധാവികളിലൊരാളായിരുന്ന മിർമദൻ വെടിയേറ്റുവീണു. മറ്റൊരു സേനാനായകൻ മോഹൻലാൽ ചെറുത്തുനിൽപ്പ്  തുടർന്നുകൊണ്ടിരുന്നു.

ഈ സമയമൊക്കെയും  മിർജാഫർ, റായ് ദുർലഭ്,യാർ ലുത്തഫ്ഖാൻ എന്നിവരുടെ നേതൃത്വത്തിൽ പതിനായിരക്കണക്കിനു പടയാളികൾ നിശ്ശബ്ദരായി നിൽക്കുകയായിരുന്നു. തലേന്നു രാത്രി ക്ലൈവുമായുണ്ടാക്കിയ രഹസ്യ ഉടമ്പടി അവർ  യുദ്ധക്കളത്തിൽ ഭംഗിയായി നിറവേറ്റി.

അപകടം മണത്ത സിറാജ് ഉദ്ദൗള കുറേ കുതിരപ്പടയാളികൾക്കൊപ്പം മുർഷിദാബാദിലേക്ക് രക്ഷപെട്ടു. മുർഷിദാബാദിലെത്തിയ സിറാജ്  ഉദ്ദൗളയെ  മിർജാഫറുടെ സഹോദരീഭർത്താവായ മിർകാസിം പിടികൂടുകയും ബന്ധിതനാക്കി നഗരം മുഴുവൻ പ്രദർശിപ്പിക്കുകയും ചെയ്തു.തടവറയിലാക്കിയ നവാബിനെ മിർജാഫറും മിർകാസിമും  ഏർപ്പെടുത്തിയ മുഹമ്മദ് ബെയ്ദ് ദാരുണമായി കൊലപ്പെടുത്തി.


മുൻ തീരുമാനപ്രകാരം മിർജാഫർ  ബംഗാളിന്റെ നവാബായി.ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പനി ഒറ്റുകാരന് വച്ചുനീട്ടിയ ഔദാര്യമായിരുന്നു അത്. പ്ലാസിയുദ്ധത്തോടെ ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പനി ഇന്ത്യയിലെ അവരുടെ ആധിപത്യത്തിന് അടിത്തറയിട്ടു.

**അഖില,സിയ,ബിൻസിയ,ബ്ലസി** 9A



# കല്ല് വെച്ച സത്യം

എല്ലാവരെയും ബാധിക്കുന്നതും ചിലരെ ഗുരുതരാവസ്ഥയിലെത്തിക്കുന്നതുമായ രോഗമാണ് മൂത്രാശയത്തിലെ കല്ല്.എല്ലാ വ്യക്തികളിലും മൂന്ന ശതമാനം മൂത്രാശയ കല്ല് ഉണ്ട്.അമേരിക്കയിൽ വെളുത്ത ചർമ്മമുള്ള പുരുഷന്മാരിൽ ഇത് ഏറ്റവും കൂടുതൽ കാണപ്പെടുന്നു.ഇന്ത്യയിൽ കുറച്ച വർഷങ്ങളായി അത്ഭുതമായ നിരക്കിൽ വർധിച്ച വരുന്ന രോഗമാണിത്.പുതിയ കല്ലുകൾ രൂപപ്പെടാതെ ചികിത്സിച്ചില്ലെങ്കിൽ വൃക്കയുടെ പ്രവർത്തനത്തെ തകരാറിലാക്കുന്നതാണ് ചെറിയ കല്ലുകൾ.



മൂത്രത്തിൽ കാത്സ്യം ഓക്സലേറ്റ്,ഫോസ്ഫറസ്,യൂറിക് ആസിഡ് എന്നിവ പോലുള്ള ഘടകങ്ങൾ അധികതോതിൽ വന്ന കൂടുമ്പോഴാണ് വൃക്കയിൽ കല്ലുണ്ടാവുന്നത്.കഴിക്കുന്ന ഭക്ഷണത്തിൽ നിന്ന് ശരീരത്തിന് ആവശ്യമായവ ഉപയോഗിച്ച ശേഷം അവശേഷിക്കുന്ന മലിന ഉൽപ്പന്നങ്ങൾ രക്തത്തിലൂടെ വൃക്കയിലെത്തിപ്പെടുകയും മൂത്രമായി പുറന്തള്ളപ്പെടുകയും ചെയ്യുന്നു.ഈ ഘടകങ്ങൾ ചെറിയ ചതുരാകൃതിയിലുള്ള കട്ടകളായി നിക്ഷേപിക്കപ്പെട്ടേക്കും.ജലപാനം കുറയുന്നതിലൂടെ അത് കഴുകികളയപ്പെടാതെ വരും. ജീനുകൾ,പരിസ്ഥിതി,ശരീരഭാരം,ദ്രവരൂപത്തിലുള്ള സാധനങ്ങൾ കഴിക്കുന്നതിന്റെ കുറവ് എന്നിവയും കല്ലുകൾ രൂപപ്പെടുന്നതിന് കാരണങ്ങളാണ്..

വിവിധ തരത്തിലുള്ള വൃക്ക കല്ലുകൾ പ്രധാനമായും നാലുതരത്തിലുള്ള കല്ലുകൾ വൃക്കയിൽ രൂപപ്പെടുന്നു.അതിൽ കാൽസ്യം കല്ലുകളാണ് സാധാരണയായി കാണുന്നത്. സ് ട്രൂ വൈറ്റ് കല്ലുകൾ വൃക്കകൾക്കുണ്ടാകുന്ന ചെറിയ കേടുപാടുകൾ മൂലം ഉണ്ടാകുന്നതാണ്.സിസ്റ്റീൻ കല്ലുകൾ ജനിതക വൈകല്യങ്ങളിലൂടെ ഉണ്ടാകുന്നു.സാന്തീൻ പോലുള്ള വളരെ കുറഞ്ഞ അളവിൽ കാണുന്ന കല്ലുകളും മരുന്ന സംബന്ധമായി ഉണ്ടാകുന്ന മറ്റു കല്ലുകളുമുണ്ട്.

**ലക്ഷണങ്ങൾ**

മൂത്രനാളിയുടെ വശങ്ങളിൽ നിന്ന് തുടങ്ങി നാഭിയിലേക്കും വൃഷണ സഞ്ചിയിലേക്കും പടരുന്ന വേദന,നാഭിയുടെ അടിഭാഗത്തുണ്ടാകുന്ന വേദന,മൂത്രമൊഴിക്കുന്നതിനുള്ള തിടുക്കം,വേഗത,പുകച്ചിൽ മൂത്രത്തിലൂടെ രക്തം പുറത്തുവരിക.വയറിന് അസുഖം,ഛർദ്ദി

**ചികിത്സ**

മൂത്രനാളിക്ക് 5-6 മില്ലിമീറ്റർ വ്യാസം മാത്രമാണുള്ളത്.6 മില്ലിമീറ്ററിൽ താഴെ വലിപ്പമുള്ള കല്ലുകൾ മരുന്നുകൾകൊണ്ട് പുറത്തു കളയുവാൻ ശ്രമിക്കാം.മരുന്നുകൾ മൂത്രനാളിയെ വികസിപ്പിച്ച് കല്ലുകൾ പുറന്തള്ളുന്നതിന് സഹായിക്കുന്നു.പൊട്ടാഷ്യം സിട്രേറ്റ്,സോഡാ ബൈകാർബണേറ്റ് എന്നിവ പ്രയോജനപ്പെടും


# കാലത്തിന്റെ കൈയ്യൊപ്പ്

പുറത്ത് മഴകനത്തു പെയ്യുകയാണ്. ഇന്നേക്ക് നാലാംദിവസമാണ്, ഈ മഴനിർത്താതെ പെയ്യുന്നത്. ഒരു പക്ഷേ, ലോകാവസാനം അടുക്കാറായോ അതുകൊണ്ടാണോ,മഴ അതിന്റെ സർവ്വശക്തിയും എടുത്ത് തിമിർത്ത് പെയ്യുന്നത്.പുഴകവിയാറായി,ഇനിയും മഴനിന്നില്ലെങ്കിൽ  വീട് മുങ്ങുകതന്നെ ചെയ്യും.ആ വൃദ്ധൻ വീടിന്റെ ഉമ്മറത്ത് കസേരയിലിരുന്ന് പിറുപിറുത്തു.വീട്ടിലെല്ലാവരും ഒരു ഭയപ്പാടോടെ വീട്ടിൽ ഓടിനടക്കുകയാണ് എന്തുചെയ്യണമെന്നറിയാതെ എല്ലാം കെട്ടിപെറുക്കുന്ന ധൃതിയിലാണവർ....

അപ്പൂപ്പാ,അപ്പൂപ്പാ..നമ്മളെങ്ങോട്ടാ പോവുന്നേ,നാലുവയസ്സുകാരൻ അവന്റെ  നിഷ്കളങ്കമായ പുഞ്ചിരിയോടെ ആ വൃദ്ധനോട് ചോദിച്ചു, അയാൾ ഒന്നും മിണ്ടിയില്ല.മറിച്ച് തന്റെ കൊച്ചുമകനെ ചേർത്തുപിടിച്ച് അവന്റെ തുടുത്ത കവിളിൽ ഒരു മുത്തം കൊടുത്തു. ആ കുഞ്ഞുമുഖം ചുമന്നു തുടുത്തു.തന്റെ ചുറ്റും നടക്കുന്നതിനെ പറ്റിയൊന്നും നിശ്ചയമില്ലാത്തതുകൊണ്ട് , അവൻ പുഴയിൽ നിന്നും കരയിലേക്ക് കുതിക്കുന്ന വെള്ളപ്പാച്ചിൽ കണ്ട് കൈ കൊട്ടി ചിരിച്ചു.

സമയം കടന്നു പോയികൊണ്ടിരുന്നു.വെള്ളം പടി കെട്ടുകൾ   താണ്ടി വീടിന്റെ ഉമ്മറത്തേക്ക് ഒഴുകിത്തുടങ്ങി. എല്ലാവരും സാധന സാമഗ്രികളെല്ലാം മച്ചിനു മുകളിൽ കയറ്റിയിട്ടു. ഭയപ്പാടോടെ തേങ്ങി കൊണ്ട്  ദൈവത്തോട് പ്രാർത്ഥിച്ചു കൊണ്ടിരുന്നു,പക്ഷേ മഴയ്ക്ക് യാതൊരു ശമനവുമില്ല.അത് ഉമ്മറം കടന്ന് വീട്ടിനുള്ളിലേക്ക് പ്രയാണമാരംഭിച്ചു.എല്ലാവരും ഭയന്ന് മച്ചിനു മുകളിൽ അഭയം പ്രാപിച്ചു. ആ വൃദ്ധനപ്പോഴും ആകാശത്തേക്ക് നോക്കി നിന്നു.അതിനോട് സംസാരിക്കുകയാണെന്നു തോന്നും ആ നോട്ടം കണ്ടാൽ.മക്കൾ അയാളെ മച്ചിനു മുകളിലെക്ക് താങ്ങികയറ്റി.പലയിടത്തു നിന്നും സഹായത്തിനായി വഞ്ചികൾ വന്നു.

ദൂരെനിന്നും തങ്ങളുടെ വീടിനെ ലക്ഷ്യം വെച്ചുവരുന്ന വഞ്ചിയിലേക്കവർ മരണ വെപ്രാളത്തോടെ കൈനീട്ടിവിളിച്ചു. അവർ അടുത്തെത്തി അതിൽ ആകപ്പാടെ ആറുപേർക്കേ കയറാൻ കഴിയുമായിരുന്നുള്ളൂ. അങ്ങനെ അവരോരുത്തരായി കയറാൻ തുടങ്ങി. അവസാനം വൃദ്ധനെ എടുത്തുകയറ്റാനായി മക്കൾ വന്നപ്പോൾ വഞ്ചിക്കാരൻ പറഞ്ഞു,ഇനി രണ്ട് പേർക്കുകൂടിയേ കയറാനാവൂ. ആ വൃദ്ധനെക്കൂടി കയറ്റിയാൽ വഞ്ചി മുങ്ങും.അപ്പോൾ മക്കൾ പറഞ്ഞു, എങ്കിൽ നിങ്ങൾ ഇവരെ കരക്കെത്തിക്കൂ.ഞങ്ങൾ അടുത്ത വഞ്ചിക്കു വന്നുകൊള്ളാം.അപ്പോൾ വൃദ്ധൻ പറഞ്ഞു,നിങ്ങൾ പൊയ്ക്കോളൂ മക്കളെ,അച്ഛനിവിടെയിരിന്നോളാം.എന്നെ ദൈവം രക്ഷിക്കും.നിങ്ങളിനിയിവിടെ നിൽക്കേണ്ട ഇനിയും വൈകിയാൽ,വേണ്ട നിങ്ങൾ പൊയ്ക്കോളൂ.........



അഛനെന്താ ഈ പറയുന്നത് ഞങ്ങള് പോവുകയോ, എന്തു വിഢിത്താ ഈ പറയുന്നേ? ഞങ്ങൾ അച്ഛനെയും കൊണ്ടേപോവുകയുള്ളൂ, ഇല്ല കുട്ടികളെ അച്ഛൻ വരുന്നില്ല.നിങ്ങൾ ഇനി എന്നെ നോക്കി ഇവിടെ നിൽക്കരുത് ,എനിക്ക് ഒന്നും വരില്ല.

മക്കൾ ധൈര്യമായിരുന്നോളൂ.ഇല്ല ഞങ്ങൾ പോവില്ല,പോവുകയാണങ്കിൽ അച്ഛനെയും കൊണ്ടേ പോവൂ,വേണ്ട കുട്ടികളെ അച്ഛൻ വരുന്നില്ല.നിങ്ങൾ ജീവിതം തുടങ്ങിയിട്ടേയുള്ളൂ,ഈ വൃദ്ധനിനി അധികാലമൊന്നുമില്ല. ഞാനിവിടേയെങ്ങാനും ഇരുന്നുകൊള്ളാം വഞ്ചിക്കാരൻ തിരക്കുകൂട്ടി അവസാനം അച്ഛന്റെ വാശിക്കുവഴങ്ങി മനസ്സില്ലാ മനസ്സോടെ അവർ വഞ്ചിയിൽ കയറി.കണ്ണിൽനിന്നകലുവോളം.മക്കൾ അച്ഛനെയും, അച്ഛൻ മക്കളെയും നോക്കിക്കൊണ്ടിരുന്നു,ആ വൃദ്ധൻ ഒരു ചെറുപുഞ്ചിരിയോടെ നിന്നു.അപ്പോഴും ആകാശത്തേക്ക് നിർനിമേഷനായി നോക്കിക്കൊണ്ടിരുന്നു.........................,

ASNA,ARYA    9-A



# My Dear മൗസ്

കൈപ്പത്തിക്കുള്ളിൽ പമ്മിയിരിക്കും. നീണ്ട വാലുകൊണ്ട് കംപ്യൂട്ടറിൽ ബന്ധിപ്പിച്ചാൽ മുന്നിലെ സ്ക്രീനിന്റെ പ്രതലത്തിലൂടെ നാലുപാടും ഓടിനടക്കും. ഇടയ്ക്ക് ഒരിടത്ത് അനങ്ങാതിരുന്ന കണ്ണ് ചിമ്മും. തലയിൽ ഒന്നമർത്തിയാൽ ശബ്ദമുണ്ടാക്കും....ഈ കുഞ്ഞൻ ചുണ്ടെലിയുടെ സഹായമില്ലാതെ കംപ്യൂട്ടറിനോടോരു കാര്യം മിണ്ടുന്നതിനെക്കുറിച്ച് ആലോചിക്കാൻ പോലും കഴിയില്ല.  ഡിസംബർ 9 ന് കക്ഷിക്ക് 50 വയസ്സ് തികയുകയാണ്.

**1963–ആദ്യത്തെ കംപ്യൂട്ടർ മൗസ്**

ഏംഗൽ ബർട്ട് തടിയിൽ നിർമിച്ച ആദ്യ മൗസിൽ രണ്ട് ലോഹച്ചക്രങ്ങളും ഒരു ബട്ടനമാണ് ഉണ്ടായിരുന്നത്. X,Y ദിശകളിൽ മൗസ് പോയിന്ററിനെ ചലിപ്പിക്കാൻ ലോഹച്ചക്രങ്ങൾ സഹായിച്ചു.

**1972–ബോൾ മൗസ്**

ബിൽ ഇംഗ്ലണ്ട് രൂപം നൽകിയ ബോൾ മൗസിൽ ചക്രങ്ങൾക്കു പകരം ബോൾ. എല്ലാ ദിശകളിലേക്കും മുൻപിൻ ദിശകളിലേക്കും ചലിക്കാൻ സഹായിക്കുന്ന രണ്ട് റോളറുകളായിരുന്നു പ്രത്യേകത.

**1976– ഒപ്റ്റിക്കൽ മൗസ്**

ബോളിനു പകരം എൽ.ഇ.ഡി ഉപയോഗിച്ചു.

**1991– വയർലെസ് മൗസ്**

ബ്ലൂടൂത്ത്,വൈഫൈ തുടങ്ങിയ സങ്കേതങ്ങളിലൂടെ റേഡിയോ തരംഗങ്ങളുപയോഗിച്ചു ഡേറ്റ കൈമാറി. ഒരു റേഡിയോ ട്രാൻസ്മിറ്ററും റേഡിയോ റിസീവറുമാണു പ്രധാന ഭാഗങ്ങൾ.

**1998– ലേസർ മൗസ്**

എൽ.ഇ.ഡി ക്കുപകരം ഇൻഫ്രാറെഡ്  ലേസർ ഡയോഡുകൾ ഉപയോഗിച്ചു.

**ഒരു മൗസിൽ എന്തിരിക്കുന്നു**

1964 ലാണ് ഡഗ്ലസ് ഈ പ്രോട്ടോടൈപ്പിന് രൂപം കൊടുത്തത്.4 കൊല്ലം കഴിഞ്ഞ് സാൻഫ്രാൻസിസ്കോയിൽ നടന്ന കോൺഫറൻസിൽ അദ്ദേഹം കണ്ടെത്തൽ അവതരിപ്പിച്ചു. പക്ഷേ, അന്ന് ആരും അതത്ര കാര്യമായെടുത്തില്ല. മൗസ് ഉപയോഗിച്ചു തുടങ്ങാൻ മാത്രം കംപ്യൂട്ടർ സാങ്കേതികവിദ്യ വളർന്ന്  തുടങ്ങിയിരുന്നില്ല.

ആൻമോൾ ജോൺസ് 9A

# കാത്തിരിപ്പ്

ഒരിക്കലും പെയ്യത്ത മഴയായിരുന്ന അത്. കാറ്റും കോളും ആകാശത്ത് കാർമേഘം ഇരുണ്ടുകൂടി. കാർത്തിക്കിന്റെ വീട്ടിൽ ആരും ഉറങ്ങിയിട്ടില്ല.രാത്രിയുടെ അന്ധകാരത്തോടൊപ്പം മരണത്തിന്റെ മൗനമായ സംസാരം അവിടെ കേൾക്കാമായിരുന്നു.റാന്തൽവിളക്കിന്റെ പ്രകാശത്തിന് കൂട്ടായി കർപ്പൂരത്തിന്റെയും രാമച്ചത്തിന്റെയും ഗന്ധം.

കാർത്തിക് തന്റെ മേശയിൽ തല കുമ്പിട്ട് ഇരിക്കുന്നു. അടുക്കളയിൽ ഭക്ഷണമുണ്ടാക്കാനെന്നോണം ചെന്നിരുന്നിട്ട് കരയുന്ന അവന്റെ അമ്മ മുത്തശ്ശിയുടെ മുറിയിൽ നാമം ജപിച്ചിരിക്കുന്നു. ഇടയ്ക്കിടക്ക് നിശബ്ദമായി നിശ്വസിക്കുന്നു. ഇവിടെ ഒരംഗത്തിന്റെകുറവുണ്ട്. അയൽവീടുകളിൽ അടുപ്പ് പുകയുമ്പോൾ, കുട്ടികൾ തമ്മിൽ തമ്മിൽ മുറ്റത്തു കളിക്കുമ്പോൾ കാർത്തികിന്റെ വീട്ടിൽ പതിച്ച തെറ്റിയിരുന്നു. തിരമാലകൾ അലയടിക്കുന്നു. മുത്തശ്ശി വേച്ച വേച്ച് കാർത്തികിന്റടുത്തെത്തി. ഒരിക്കലും അവന്റെ മുഖം ഇത്രയും വികാരസാന്ദ്രമായിരുന്നില്ല. അവന്റെയടുത്ത്മുത്തശ്ശി ചേർന്നിരുന്നു.

മുത്തശ്ശിയുടെ സമീപനം അവനെ ചിന്തയിൽ നിന്നുണർത്തി.അകാലത്തിൽ നശിച്ചതോ നശിക്കാനിരിക്കുന്ന-തോ. ആയ ഒന്നിനെ ഓർത്തുള്ള ഒരു സ്വപ്നത്തിൽ നിന്നും ഉണർന്നപോലെ അവൻ മുത്തശ്ശിയെനോക്കി.



"എന്താന്റെ കുട്ടിക്ക് പറ്റ്യേ? മരിച്ചിട്ടില്ല ഓൻ വരും, ഓന്റെ കുഞ്ഞൂട്ടനെ കാണാതേ ഓൻ എങ്ങ്ടാ പോവ്വാ? മുത്തശ്ശി തന്റെ ഉള്ളിലെ ദുഃഖത്തെ മറച്ചുവയ്ക്കുകയാണെന്ന് കാർത്തികിന് തോന്നി.
"അപ്പോന്റെ അച്ഛൻ വര്വോന്നാ മുത്തശ്ശി പറയണേ?, ഇല്ലാന്റെ മുത്തശ്ശി, ഒരിക്കലും അത് സംഭവിക്കാൻ പോണില്ല. മുത്തശ്ശി എന്നെ പറ്റിക്കാൻ പറയണതാ".' 'കഴിഞ്ഞ അമ്പു പെരുന്നാളിന് എന്റെ അസുഖമൊക്കെ മാറ്റാൻ നേർച്ച നേർന്നപ്പോ അച്ഛൻ പറഞ്ഞതാ, അടുത്ത തവണ എല്ലാവർക്കും ഒന്നിച്ച് പെരുന്നാളിന് പോകാമെന്ന്".

മുത്തശ്ശിയുടെ മുഖം പെട്ടെന്ന് ഒരു പകലിനുശേഷമുള്ള ഇരുണ്ട രാത്രിയുടെ അന്ധകാരം പോലെ നിറം മങ്ങിയതായി. ഒന്നും പറയാൻ വാക്കുകളില്ല. അവന്റെയടുക്കൽ നിന്ന് വേച്ച വേച്ച് അടുക്കളയിലേക്കു നീങ്ങി.
"എന്റെ മോളേ, ഓനെന്നെ ഉത്തരം മുട്ടിക്കാ. ഞാനിപ്പം എന്താ ചെയ്യാ, അപ്പുറത്തെ വീട്ടിലെ മാലതിയുടെ കുഞ്ഞുങ്ങളും, ജാനിയുടെ കുഞ്ഞങ്ങളും ഓടി കളിക്കുമ്പോ ഓനിങ്ങനെ നിക്കണ കാണുമ്പോ എന്റെ കണ്ണ് താനെ നിറയാ".

കാർത്തികിന്റെ അമ്മ ഒന്നും മിണ്ടീല, ബെഞ്ചിൽ നിന്നും അവരെണീറ്റ് ടാപ്പിനടുത്തേക്ക് നീങ്ങി മുഖം കഴുകി. അടുക്കളയുടെ ഒരു പടിയിലിരുന്ന് ഒരു പ്ലേറ്റ് അവരെടുത്തു. അതിൽ വെണ്ടക്കയും ഉണക്കമീനും ഉണ്ടായിരുന്നു. അവരത് കഴുകി പാചകത്തിന് തയ്യാറാക്കി. കാർത്തികിന് ഇപ്പോൾ എട്ടു വയസ്സായി. അവനിപ്പോൾ അടുത്തുള്ള ഗവൺമെന്റ് സ്കൂളിൽ നാലാം ക്ലാസിലാണ്. പക്ഷേ അവൻ ക്ലാസിൽ പോയിട്ട് നാലു ദിവസമായി. അവന്റെ അച്ഛൻ മീൻപിടിത്തക്കാരുടെ കൂടെ വഞ്ചിതുഴയാൻ പോകുന്നയാളാണ്. അടുത്തിടെ എങ്ങു ഭീതിപരത്തിയ ഒരു ചുഴലികാറ്റ് അവരുടെ പ്രാണനെ തകർത്തെറിഞ്ഞു. ജീവിച്ചിരിപ്പുണ്ടോ, അതോ മരണപ്പെട്ടോ, അല്ലെങ്കിൽ ഏതെങ്കിലും ദ്വീപിൽ ദിനരാത്രങ്ങൾ എണ്ണി കഴിയുകയാണോ എന്നൊന്നും അറിയില്ല.

പോലീസും ചില രാഷ്ട്രീയകക്ഷികളും നേതാക്കളും അവരുടെ വീട്ടിൽ സന്ദർശിച്ചെങ്കിലും അവരുടെ അച്ഛൻ തിരിച്ചു വരുമോയെന്ന് അവർക്കറിയില്ല. അത്താഴത്തിനു സമയമായി. എല്ലാവരും മേശക്കരികിലിരുന്നു. ആകെ മൂന്നു കസേരകളാണ് ആ വീട്ടിലുള്ളത്. മുത്തശ്ശി കാർത്തികിനെ അത്താഴം കഴിക്കാൻ വിളിച്ചു. കഴിക്കുന്നില്ലെന്ന് വാശിപിടിച്ചെങ്കിലും മുത്തശ്ശി അവനെ നിർബദ്ധിച്ച് കൂട്ടി കൊണ്ടുപോയി.

കാർത്തിക്കും മുത്തശ്ശിയും ഓരോ കസേരകളിലായിരുന്നു.അച്ഛനിരുന്ന കസേര ഒഴിഞ്ഞു കിടക്കുന്നു. കാർത്തിക് ആ കസേരയിലേക്ക് ആരോ ഉണ്ടെന്ന പോലെ സൂക്ഷിച്ചു നോക്കി. അമ്മ പാത്രങ്ങളുമായി വന്ന് മുത്തശ്ശിക്കും കാർത്തികിനും ചോറും കറിയും വിളമ്പി കൊടുത്തു. ഒടുവിൽ പാത്രമെടുത്ത് ഭർത്താവ് സ്ഥിരമായി ഇരിക്കുന്ന കസേരയിൽ ഇരുന്നു. എന്നും മാങ്ങാച്ചാറിനു വേണ്ടി വാശിപിടിക്കുന്ന മകൻ. ഇന്നെന്തേ,ശാഠ്യം പിടിക്കാത്തത് എന്നവൾ ഓർത്തു. തന്റെ ഭർത്താവ് ഇരിക്കുന്ന ഈ കസേരയിൽ താൻ എന്നെന്നേക്കുമായി ഉറഞ്ഞു പോകുകയാണെന്ന് അവൾക്കു തോന്നി. അച്ഛനു വേണ്ടി താൻ എന്നെന്നേക്കുമായി കാത്തിരിക്കണമോ എന്ന് കാർത്തിക്കിന് തോന്നി.

ബിൻസിയ,ബ്ലെസ്സി 9A



# <u>മഴവില്ല്</u>

വിണ്ണിൻ  മാറിലതാരോ  ചെറിയൊരു
വർണ്ണ കതിർ മാല  ചാർത്തി വച്ചു
സപ്ത വർണങ്ങളാലലംകൃതമായൊരു
കൊച്ചു മലർമാല ചാർത്തിവച്ചു
ഏതോ ഒരത്ഭുതമായൊരു ചരടിന്റെ
ഇന്ദ്രജാലങ്ങൾ  പോലിതല്ലോ  തോന്നും
ഭൂമി മുഴുവനും വിളങ്ങി നിൽക്കുന്ന നിൻ
ജീവിതം വളരെ ചെറുതാണല്ലോ

മഴയുടെ വിടവാങ്ങൽ വിളംബരം ചെയ്യുവാൻ
ദൈവനിയോഗവും നിന്നിലല്ലോ.
മഴയുടെ മറവിൽ നിന്നെത്തി നോക്കുന്ന നീ
ഇത്രകാലം എവിടെയായിരുന്നു



മുഹമ്മദ് ഈസ  STD 9

# ഗാന്ധിജിയും സമകാലിക ജീവിതവും

ഇന്നത്തെ സമൂഹത്തിൽ ഗാന്ധിജി ഒരു ചിത്രം മാത്രമായി മാറിക്കൊണ്ടിരിക്കുകയാണ് . ഇന്ത്യൻ കറൻസിയുടെ മൂല്യത്തിനായുള്ള ഒരു ചിത്രം ചോദ്യോത്തര വേളകളിലെ ഒരു ഉത്തരം .ഗാന്ധിജിയെക്കുറിച്ചുള്ള മനുഷ്യ മനസ്സുകളിലെ സങ്കൽപം ചുരുങ്ങുകയാണ്.ഈ നവകൊളോണിയൽ കാലഘട്ടത്തിൽ ഗാന്ധിജിയുടെ അന്തസത്ത പൂർണമായും തമസ്കരിക്കപ്പെടുകയാണ് .ആരാണ് ഗാന്ധി ? എന്താണ് ആ മഹാന്റെ പ്രസക്തി ? എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം നാം ഇന്നത്തെ സമൂഹത്തിൽ തേടേണ്ട ആവശ്യകത ഇന്ന് വളരെക്കൂടുതലാണ്

"മജ്ജയും മാംസവുമുള്ള ഇങ്ങനെ ഒരു മനുഷ്യൻ ജീവിച്ചിരുന്നു എന്നത് വരുംതലമുറ വിശ്വസിക്കില്ല."വിഖ്യാത ശാസ്ത്രജ്ഞൻ ആൽബെർട്ട് ഐൻസ്റ്റീൻ ഗാന്ധിജിയെക്കുറിച്ച പറഞ്ഞ വാക്കുകളാണിവ.ദക്ഷിണാഫ്രിക്കയിൽ നിന്നും തന്റെ ജോലിയും നഷ്ടപ്പെടുത്തി സ്വരാജ്യത്തു വന്ന് സ്വരാജ്യത്തെ വിദേശികളിൽ നിന്നും സ്വതന്ത്രമാക്കാൻ രാപ്പകലുകൾ കഷ്ടപ്പെട്ട ത്യാഗി .രാജ്യത്തിനു സ്വാതന്ത്ര്യം ലഭിച്ചപ്പോഴും ഇന്ത്യയെ വിഭജിക്കരുതെന്ന ആവശ്യവുമായി സത്യാഗ്രഹം നടത്തിയ മഹാൻ .അദ്ദേഹമാകണം നമ്മുടെ മാതൃക .

ഗിരിനിരകളോളം പഴക്കമുള്ള സത്യങ്ങൾ പറഞ്ഞ ഗാന്ധിജി ഇന്ന് ഒരു എവറസ്റ്റാണ് . ആ തലത്തിലേക്കെത്താൻ ആ വ്യക്തിത്വത്തിലേക്കെത്താൻ ഇന്നത്തെ സമൂഹത്തിനാകുന്നില്ല. ബി .ജെ. പി സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം ഗാന്ധി വധവുമായി ബന്ധപ്പെട്ട ഫയലുകൾ നഷ്ട്ടപ്പെട്ടു എന്നത് വളരെ ഗൗരവമേറിയ കാര്യമാണ്. അതുവരെ ഗാന്ധി മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരുന്ന 9 m m ബരേറ്റ സെമി ഓട്ടോമാറ്റിക് പിസ്റ്റണും പല വസ്തുക്കളും പെട്ടെന്ന് അപ്രത്യക്ഷമാകുകയാണ് ചെയ്തത് .ഇതു വളരെ ഗൗരവമേറിയ കാര്യാമായിട്ടും ആരും പ്രതികരിച്ചു കാണുന്നില്ല .കാരണം ആരും ഗാന്ധിജിയെ മനസിലാക്കാത്തതാണ് .

ഇന്ന് സമൂഹത്തിൽ കുറ്റകൃത്യങ്ങൾ പെരുകുകയാണ്.മതത്തിന്റെയും ജാതിയുടെയും പേരിൽ കലഹിക്കുന്ന ലിംഗ വിവേചനം എല്ലായിടത്തും പ്രകടമാകുന്ന ചൊറിഞ്ഞാലും അറിയാത്ത അവസ്ഥ.അനുഭവത്തിൽ നിന്നും പാഠമുൾക്കൊള്ളാതെ പരസ്പരം കലഹിക്കുന്ന.വർഗീയത വളരുന്ന കാലത്ത് ഓരോ മനുഷ്യനും അവനവനിലേക്ക് തന്നെ ചുരുന്നുകയാണ്.സ്വാർത്ഥത പെരുകുകയാണ്.ഈ കാലത്താണ് ഗാന്ധിജിയുടെ പ്രസക്തി . സ്വന്തം കാര്യത്തിന് പകരം സമൂഹനന്മക്കു പ്രാധാന്യം നൽകിയ ഗാന്ധിജി .അഹിംസ കൈമുതലാക്കിയവൻ. സമൂഹ സമ്പത്ത് ചിലരിൽ മാത്രം ഒതുങ്ങരുതെന്നു പറഞ്ഞ ഗാന്ധിജി.ഒരു കുഞ്ഞുറുമ്പിനെ പോലും നോവിക്കരുതെന്ന് പറഞ്ഞ ഗാന്ധിജി. ആ ഗാന്ധിജിയുടെ ഇന്ത്യയിലാണ് പശുവിന്റെ പേരിൽ മുഹമ്മദ് അഖ്‌ലാഖിനെയും ജുനൈദിനെയും കൊന്നത് ജമ്മുകാശ്മീരിൽ 8 വയസുകാരി ആസിഫ അതിക്രൂരമായി കൊലചെയ്യപ്പെട്ടത്. വിജയ് മല്യ 900 കോടി രൂപ നഷ്ടപ്പെടുത്തിയത്.കർഷക ആത്മഹത്യകൾ പെരുകുന്നത് വർഗീയതയുടെപേരിൽ പലരും ബലിയാടാകേണ്ടിവന്നത്.

കേരളത്തിൽ ഈ പ്രളയകാലത്ത് ഗാന്ധിജിയുടെ ആദർശം സഫലമായിരുന്നു.ജാതി മത വർഗ വർണ വിവേചനത്തിനതീതമായി സ്നേഹത്തിന്റെ സൗഹാർദത്തിന്റെ കുടക്കീഴിൽ ഒന്നിച്ച മലയാളികൾ ഉത്തമ മാതൃക സൃഷ്ടിച്ചു .എന്നാൽ ശബരിമല വിഷയം വന്നപ്പോൾ സ്ത്രീ പ്രവേശനത്തെ എതിർക്കാനും ലിംഗ വിവേകനത്തിന് വേണ്ടി വാദിക്കാനും ആളുണ്ടായി.ഒരു നിമിഷം കൊണ്ടുണ്ടാകുന്നതാണിതെല്ലാം എന്ന തിരിച്ചറിവ് പ്രളയം നൽകിയിട്ടും പഠിക്കാത്ത അവസ്ഥ.

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച വേളയിലും ഗാന്ധിജി അതാഘോഷിക്കാതെ ഹിന്ദു-മുസ്ലിം ഐക്യത്തിന് വേണ്ടി രാജ്യത്തെ ഭിന്നിക്കരുതെന്ന ആവശ്യവുമായി അദ്ദേഹം സത്യാഗ്രഹമനുഷ്ഠിച്ചു.വിഭജനത്തിന്റെ മുറിവുണക്കാൻ അദ്ദേഹം ജനങ്ങളോടൊപ്പം നിൽക്കുകയാണ് ചെയ്തത്.വിഭജനത്തിനെതിരെ അദ്ദേഹത്തിന് നിർദേശിക്കാൻ ശാശ്വതമായൊരു പരിഹാരം ഉണ്ടായിരുന്നു."തങ്ങളുടെ അയൽവാസിയെ അവനത് ഏത് മതക്കാരനായാലും സ്വന്തം സഹോദരനായി കണക്കാക്കുക.ഇന്ത്യയിൽ പാക്കിസ്ഥാനിൽ എന്ന കാര്യം വിസ്മരിക്കുക  എവിടെ എന്ത് നടന്നാലും അയൽവാസിയെ സഹോദരനായ തന്നെ കണക്കാക്കുക.വിഭജനം കേവലം ഭൂമിശാസ്ത്രപരമായ വിഭജനം മാത്രമാക്കുക " എന്നാണത്

കത്വയിൽ 8 വയസുകാരി ആസിഫ എന്ന പിഞ്ചുകുഞ്ഞ് അതിക്രൂരമായി  കൊലചെയ്യപ്പെട്ടപ്പോഴും ജുനൈദും അഖ് ലാഖും മരിച്ചു വീണപ്പോഴും പശുവിന്റെ പേരിൽ ആൾക്കൂട്ട കൊലപാതകങ്ങൾ നടന്നപ്പോഴും നഷ്ടപ്പെട്ടത് ഗാന്ധിജിയുടെ പവിത്രമായ  സംസ്കാരമായിരുന്നു അശുദ്ധമാക്കപ്പെട്ടത് യഥാർത്ഥ രാമരാജ്യമായിരുന്നു  നഷ്ടപ്പെട്ടത് ഇന്ത്യയുടെ നിലനിൽപ്പിനു ഏറ്റവും അനുയോജ്യമായി കരുതിയ ഹിന്ദു മുസ്ലിം ഐക്യമായിരുന്നു.ഗോരാഷ്ട്രീയത്തോടുള്ള ഗാന്ധിജിയുടെ അഭിപ്രായം "കർഷകരാജ്യമായ ഇന്ത്യയിൽ പശുവിനെ സംരക്ഷിക്കേണ്ടത് തന്നെയാണ് എന്നാൽ അത് നമ്മുടെ സഹോദരങ്ങളെ കൊന്നിട്ട് വേണോ " എന്നുതന്നെയാണ്

സമൂഹത്തിന്റെ പ്രതിനിധികളായി തിരഞ്ഞെടുക്കപെട്ടവർ ജനദ്രോഹനങ്ങൾ കൊണ്ട് ഭരണം നടത്തുമ്പോൾ ,സമ്പത് ചിലരുടെ കൈകളിൽ കെട്ടിക്കിടക്കുന്നത് കൊണ്ട് തന്നെയാണ് ഇന്ത്യ ഒരു പട്ടിണി രാജ്യമായി നിലകൊള്ളുന്നത്.പ്രകൃതിയെ നോവിക്കാതെ സുസ്ഥിര വികസനത്തിന്റെ വക്താവായിരുന്നു ഗാന്ധിജി.ഇന്ന് വികസനമെന്ന പേരിൽ പ്രകൃതിയേ നശിപ്പിക്കുകയാണ്. ഇതിന്റെ ഫലമായി പ്രകൃതിയിൽ നിന്നും തിരിച്ചടികൾ ഉണ്ടാകുന്നുണ്ടെങ്കിലും അതൊന്നും കണക്കിലെടുക്കാതെ  വീണ്ടും ദേശീയ പാതകളും ഡാമുകളും നിർമിക്കുകയാണ്.എല്ലാവരെയും കേൾക്കുക അതിൽ നിന്നും നല്ലതിനെ സ്വീകരിക്കുക എന്നതായിരുന്നു ഗാന്ധിജിയുടെ നയം.എന്നാലിന്ന്  മേധാ പട്കർ നർമദാ നദിക്ക് വേണ്ടി പ്രതിഷേധിച്ചപ്പോൾ അതൊന്നും വകവെക്കാതെ ആ പദ്ധതി നടപ്പാക്കുകയാണ് ചെയ്തത്.

സമൂഹത്തിൽ ഇന്ന്  അഭിപ്രായ സ്വാതന്ത്ര്യത്തിനു പോലും വിലക്ക് നേരിടുന്ന അവസ്ഥയുണ്ട്.'പത്മാവതി' എന്ന സിനിമ വിലക്കി.അത് പിന്നീട് പത്മാവതി ആക്കി.പാക്കിസ്ഥാനിൽ പാഡ് മാൻ  എന്ന സിനിമ നിരോധിച്ചു.കൽബുർഗിയും ഗോവിന്ദ് പൻസാരയും നരേന്ദ്ര ധാഭോൽക്കറും ഗൗരി ലങ്കേഷും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ പേരിൽ രക്തസാക്ഷികളായി .

രണ്ടാം പഞ്ചവത്സര പദ്ധതി മുതൽക്കേ ഇന്ത്യയിൽ ദാരിദ്രനിർമാർജനം ലക്ഷ്യം വച്ചിരുന്നു .എന്നാൽ ഇതുവരെ ആ ലക്ഷ്യത്തിൽ എത്തിച്ചേരാൻ നമുക്കായിട്ടില്ല.കാരണം സമൂഹ സമ്പത്തിന്റെ തുല്യമായ വിതരണത്തിന്റെ അഭാവവും സമ്പത്ത് ചിലരിൽ മാത്രം കെട്ടിക്കിടക്കുന്നതും ആണ് .അതിനാലാണ് വിജയ് മല്യ 900 കോടി രൂപ നഷ്ട്ടപ്പെടുത്തിയതും ,നീരവ് മോഡി തട്ടിപ്പ് നടത്തിയതും ,മുകേഷ് അംബാനി കോടികൾ ചെലവിട്ട് മകളുടെ വിവാഹംനടത്തിയതും .ഗാന്ധിജിയുടെ സാമ്പത്തിക നയങ്ങളിൽ ഇത് പ്രത്യേകം പരാമർശിച്ചതാണ് .സമൂഹത്തിലെ സമ്പത്തിന്റെ തുല്യമായ വിതരണത്തിനായി ട്രസ്റ്റി ഷിപ്പ് പോലുള്ള അനവധി ആശയങ്ങൾ ഗാന്ധിജി മുന്നോട്ടു വച്ചു .ഭരണഘടനയുടെ നിർദേശക തത്വങ്ങളിലെ പല ആശയങ്ങളും ഗാന്ധിജിയുടെ സംഭാവനകളാണ് .

സമകാലിക ഇന്ത്യൻ സമൂഹത്തിൽ ഇന്ന് നടക്കുന്ന പല അനാവശ്യ കാര്യങ്ങൾക്കും പിന്നിൽ ഗാന്ധിജിയുടെ രാമരാജ്യമറിയാത്ത തന്റെ ജീവിതം സന്ദേശമാക്കിയ ആമഹാനെ അറിയാത്ത അജ്ഞരുടെ കൂട്ടമായിരുന്നു .1948 ജനുവരി 30 ന് ചീറ്റിയ ആ ചോര ചെറിയ ഒരു ചാലായി ഇന്ത്യയിൽ ഒഴുകിനടക്കുകയാണ് .ഇന്ന് ആ ചാലിലേക്ക് ഗൗരി ലങ്കേഷിന്റെയും കൽബുർഗിയുടെയും ഗോവിന്ദ് പൻസാരയുടേയും ജുനൈദിന്റെയും മുഹമ്മദ് അഖ് ലാഖിന്റെയും കാസർഗ്ഗിട്ടെ റിയാസ് മൗലവിയുടെയും ആസിഫയുടെയും എല്ലാം രക്തം ചേർന്ന് അതൊരു കൊച്ചു അരുവിയായി മാറിയിട്ടുണ്ട് .ഇനിയത് പുഴയാകാം ,കടലാകാം ,അതനുവദിച്ചു കൂടാ സൗഹൃദവും സ്വാതന്ത്ര്യവും സമാധാനവും നിറഞ്ഞ ഗാന്ധിയൻ ഇന്ത്യ കെട്ടിപ്പടുക്കാൻ നമുക്ക് ഒരുമിക്കാം .

മുഹമ്മദ് ഈസ



# പ്രളയം തന്ന വേദന

എല്ലാവരെയും ഞെട്ടിപ്പിച്ച ഒരു ആഴ്ച.നിന്ന് പെയ്ത മഴ.എല്ലാവരെയും പേടിപ്പിച്ച മഴ.പുഴകളിലെയും തോടുകളിലെയും വെള്ളം പൊങ്ങി തുടങ്ങി.

ആകാശമെല്ലാം കറുത്തിരുണ്ട ദിവസങ്ങൾ.വെള്ളം റോഡിനു മുകളിൽ ആയപ്പോൾ എല്ലാവരും ഭയന്ന് കരച്ചിൽ തുടങ്ങി.വീടുകളിൽ വെള്ളം കയറുമെന്ന നിലയിലായപ്പോൾ വഞ്ചിയെടുത്ത മൽസ്യത്തൊഴി-ലാളികൾ വെള്ളത്തിലേയ്ക്ക് ഇറങ്ങി. വിദേശത്ത് ജോലിചെയ്യുന്ന അച്ഛൻ ടിവിയിൽ വാർത്ത കണ്ട പേടിച്ച് പോയി.വീട്ടിലേയ്ക്ക് ഫോൺ ചെയ്യുമ്പോൾ ഫോൺ എടുക്കുന്നില്ല,അദ്ദേഹത്തിന് വീണ്ടും ടെൻഷൻ കൂടുകയാ-ണ്. വെള്ളം വീടിനു മധ്യത്തിലെത്തി ഹെലികോപ്റ്ററുമായി പാറിപറക്കുകയാണ് രക്ഷ സംഘം.വീടിനു മുകളിൽ ആളുകൾ ആർത്ത് വിളിക്കുകയാണ് 'രക്ഷിക്കു'എന്ന്.പലരെയും രക്ഷിക്കാൻ കഴിഞ്ഞു,പക്ഷെ കുറെ ആളുകൾ പ്രളയത്തിന് ഇരയായി.അങ്ങനെ കുറെ സ്കൂളുകളിലും മറ്റു വെള്ളം കയറാത്ത സ്ഥാപനങ്ങളിലും ദുരിതാശ്വാസ ക്യാമ്പുകൾ ഉണ്ടായി.

ഇന്നലെ വരെ ജാതി മതത്തിന്  അടിയുണ്ടാക്കിയവർ ഒരുമിച്ച് ഒരു റൂമിൽ താമസിച്ചു.നമ്മൾ പുഴയ്ക്കും മറ്റുപലതിനും നൽകിയ വേസ്റ്റുകൾ നമ്മുടേ വീടിനു ഉള്ളിലും ആ ഭക്ഷണം കഴിച്ച ടേബിളിനു മുകളിലും കിടക്കുന്നു.നമ്മൾ കരണമാകണം ഇങ്ങനെ ഒരു പ്രളയം കേരളം നേരിട്ടദ്,നമ്മൾ നേരിട്ടത്.എന്നിട്ടും നമ്മുടെ സമ്പത്ത് പോയി എന്ന് പറഞ്ഞു കരയുന്നവർ ഉണ്ട്.അതിനേക്കാൾ തന്റെ ജീവൻ പോയില്ല എന്ന് പറഞ്ഞു കരയുന്നവരുമുണ്ട്,പണം വീണ്ടും വന്നു കൊണ്ടിരിക്കും പക്ഷെ സ്വന്തം ജീവൻ വീണ്ടും വരില്ല.

ജീവിതം  ഒന്നേ ഒള്ളു അത് എല്ലാവരും ഒന്നിച്ചു സ്നേഹിച്ചും ജീവിക്കുക.ഒന്നിച്ചു കൈകോർക്കുക. മൽസ്യ തൊഴിലാളികൾ അന്ന് ഇല്ലായിരുന്നെങ്കിൽ നമ്മൾ ഇന്ന് ഉണ്ടാകില്ലായിരുന്നു.അവരാണ് നമ്മളെ രക്ഷിച്ചത്.അവരുടെ ജീവിതം പണയപ്പെടുത്തയാണ് നമ്മെ രക്ഷിച്ചത്.അത് ആരും മറക്കരുത്. ഇനിയെങ്കിലും  ജാതിയുടെയും മതത്തിന്റെയും പേരിൽ വഴക്കിടാതേ ജീവിക്കുക.മാലിന്യം പുഴകളിലൊന്നും നിക്ഷേപിക്കാതിരിക്കുക.ഇനിയും കേരളം പ്രളയം നേരിട്ടേക്കാം പക്ഷെ അത് നമ്മൾ കാരണം ആകരുത്.പ്രളയം തന്ന വേദന എല്ലാവരും ഓർക്കുക.അതിനെ മറികടന്ന് മുന്നേറുക.

മുഹമ്മദ് ഷാനു



# ബംഗാളി

എവിടെ  തിരഞ്ഞാലും  ബംഗാളി

ഇന്ന് മുക്കിലും  മൂലേലും  ബംഗാളി

[ബംഗാളി ഇങ്ങനെ തിങ്ങി നിറയാൻ

കാരണം നമ്മൾ മലയാളി [2]

[എവിടെ]

റേഷൻ കടയിലും ബംഗാളി

ഇന്ന് ഗ്രാമം നിറയേ ബംഗാളി

[ബംഗാളി ഇങ്ങനെ തിങ്ങി നിറയാൻ

കാരണം നമ്മൾ മലയാളി   [2]

റോട്ടിൽ  ഇറങ്ങിയാലും ബംഗാളി

ഇന്ന് പാറിപറക്കണ ബംഗാളി

[ബംഗാളി ഇങ്ങനേ തിങ്ങി നിറയാൻ

കാരണം നമ്മൾ മലയാളി    [2]

[എവിടേ]

ചായ കടക്കാരൻ ബംഗാളി

ഇന്ന് കണ്ടക്ടർ ആയും ബംഗാളി

[ബംഗാളി ഇങ്ങനേ തിങ്ങി നിറയാൻ

കാരണം നമ്മൾ മലയാളി    [2]



ഐഫോണുമായി  ബംഗാളി

ഇന്ന് കാഷ്കാരനും  ബംഗാളി

[ബംഗാളി ഇങ്ങനെ തിങ്ങി നിറയാൻ

കാരണം നമ്മൾ മലയാളി      [2]

മലയാളം ചൊല്ലുന്ന ബംഗാളി

ഇന്ന് കേരളക്കാരൻ ബംഗാളി

[ബംഗാളി ഇങ്ങനേ തിങ്ങി നിറയാൻ

കാരണം നമ്മൾ മലയളി       [2]

എവിടേ തിരഞ്ഞാലും ബംഗാളി

ഇന്ന് മുക്കിലും മൂലേലും ബംഗാളി

[ബംഗാളി ഇങ്ങനേ തിങ്ങി നിറയാൻ

കാരണം നമ്മൾ മലയാളി      [2]

[എവിടെ]

**മുഹമ്മദ് ഇർഫാൻ**



# ചാർളി ചാപ്ളിൻ

തെക്കൻ ലണ്ടനിലെ ഒരു ദരിദ്രകുടുംബത്തിലാണ് ചാപ്ളിൻ ജനിച്ചത്. ധനികരുടെ ജീവിത പശ്ചാത്തലത്തിൽ ദരി(ദരുടെ സുഖ ദുഃഖങ്ങൾ ഹാസ്യപ്രധാനമായും ഹൃദയസ്പർശിയുമായി ചിത്രികരിക്കുന്നവയാണ് ചാപ്ളിൻ ചിത്രങ്ങൾ.

അഭിനയം,സംവിധാനം,നിർമ്മാണം,തുടങ്ങി സിനിമയുടെ എല്ലാ മേഖലയിലും അദ്ദേഹം പ്രവർത്തിച്ചിരുന്നു. ചാപ്ളിന്റെ സംഭാവനകളെ മാനിച്ച വിക്ടോറിയ റാണി അദ്ദേഹത്തിന് 'നൈറ്റ് പദവി' നൽകി ആദരിച്ചു. 'എന്റെ ആത്മകഥ' എന്ന പേരിലുള്ള ചാപ്ളിന്റെ ജീവചരിത്രം പ്രസിദ്ധമാണ്.

' തെരുവ് തെണ്ടികളുടെ കഥ, ദ ഗ്രേറ്റ് ഡിക്റ്റേറ്റർ, ലൈം, ലൈറ്റ്, സിറ്റി ലൈറ്റ്സ് എന്നിവ ചാപ്ളിന്റെ ജനപ്രിയ സിനിമകളാണ്.

ഒരു വർഷത്തിനുള്ളിൽ മുപ്പത്തിയഞ്ച് ചിത്രങ്ങൾ നിർമിച്ചതിനുള്ള റെക്കോർഡ് ചാപ്ലിൻ അവകാശപ്പെട്ടിരിക്കുന്നു. ചാപ്ലിൻ ചിത്രങ്ങൾ ലോകമെങ്ങുമുള്ള തീയേറ്ററുകളിൽ ഇന്നും (പദർശിപ്പിക്കപ്പെടുന്നു.



# പൂക്കും തളിർക്കും

പൂവുകൾ

മണ്ണിൽ നട്ട് മുള വന്ന സസ്യം

നാളെ പൂക്കും തളിരിടും

ആ പുഷ്പം മറ്റുള്ളവരെ

നോക്കി പുഞ്ചിരി കൊള്ളും

ശലഭങ്ങൾ അതിനെ ഉമ്മ വയ്ക്കും

നാളെ ആ പൂഷ്പം വാടി

കൊഴിഞ്ഞു വീഴുന്നിത മുറ്റത്തിൽ ഒരു കോണിൽ.

രചന: അഖില മോൾ രാജു, 9A



# ശ്രീനാരായണഗുരു [ജനനം: 1885 ആഗസ്സ് 28- മരണം:1928 സെപ്തംബർ 20]

തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തി ഗ്രാമത്തിൽ ജനിച്ച ഗുരുദേവൻ നാണു എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.ചെറുപ്രായത്തിൽ വിവാഹം കഴിക്കേണ്ടിവന്നെങ്കിലും എല്ലാമുപേക്ഷിച്ച അദ്ദേഹം സന്യാസത്തിലേക്ക് ഇറങ്ങി.മറുത്ത മലയിൽ കുറെ കാലം ധ്യാനത്തിലായിരുന്ന ഗുരുദേവൻ 1888-ൽ അരുവിപ്പുറത്ത് ശിവലിംഗ പ്രതിഷ്ഠ നടത്തി.1903 -ൽ ശ്രീനാരായണ ധർമ പരിപാലന യോഗം സ്ഥാപിച്ചു.

തീണ്ടൽ,തൊടീൽ,വർണ്ണവിവേചനം തുടങ്ങിയ സാമൂഹിക അസമത്തങ്ങളുടെയും ദുരാചാരങ്ങളുടെയും വിളനിലമായിരുന്ന കേരളത്തിലുടനീളം ഒരു സന്യാസിയായി സഞ്ചരിച്ചു. സാമൂഹിക സമത്തത്തിനുള്ള അവകാശത്തെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.1912-ൽ നടത്തിയ വർക്കല,ശിവഗിരി പ്രതിഷ്ഠകൾ 1923-ൽ ആലുവയിൽ വെച്ച് നടത്തപ്പെട്ട സർവ്വമതസമ്മേളനം തുടങ്ങിയവ ശ്രീനാരായണ ഗുരുവിന്റെ ജീവിതത്തിലെ  സവിശേഷതകളാണ്."ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്" എന്നാ പ്രസിദ്ധവാക്യം ശ്രീനാരായണ ഗുരുവിന്റേതാണ്.

മുഹമ്മദ് ഷാനു





നന്ദി
MalluGreetings.com